# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ആര്യൻകോട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ റ്റി വി എം ജി പി 2/1019/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 30/06/2022
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ആര്യൻകോട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ആര്യൻകോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആര്യൻകോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ റ്റി വി എം ജി പി 2/1019/2022 തീയ്യതി: 30/06/2022

# തിരുവനന്തപുരം ജില്ലയിലെ ആര്യൻകോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ ആര്യൻകോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-05-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 42 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 36 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. ശ്രീജ. കെ | ഡെപ്യൂട്ടി ഡയറക്ടർ | 09-06-2022 | 18-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 09-06-2022 | 18-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ശോശാമ്മ എസ്, ഓഡിറ്റ് ഓഫീസർ
ശ്രീ.അനിൽകുമാർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ജസ്റ്റിൻരാജ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.സീന, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. അനിൽ കെ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 12-11-2020 | 20-12-2020 |
| ശ്രീമതി. ഗിരിജകുമാരി ഒ | ചെയർപേഴ്സൺ | 21-12-2020 | 31-03-2021 |
| ശ്രീ. വിജയകുമാർ വി | സെക്രട്ടറി | 01-04-2020 | 31-05-2020 |
| ശ്രീമതി. ഷീബ കെ എസ് | സെക്രട്ടറി | 01-06-2020 | 07-06-2020 |
| ശ്രീ. ഹരികുമാർ ജി | സെക്രട്ടറി | 08-06-2020 | 25-02-2021 |
| ശ്രീമതി ആശ എം ജി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 26-02-2021 | 07-03-2021 |
| ശ്രീമതി കലാറാണി | സെക്രട്ടറി | 08-03-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ആശ എം ജി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ഡോ.ചിഞ്ചു കെ എസ് | കൃഷി ഓഫീസർ | 01-04-2020 | 07-10-2020 |
| ശ്രീമതി. ആശ | കൃഷി ഓഫീസർ | 08-10-2020 | 31-03-2021 |
| ശ്രീ.ദീപക് എസ് ആർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 02-03-2021 |
| ശ്രീമതി ബിനീ ജെ സി | അസിസ്റ്റന്റ് എഞ്ചിനീയർ | 03-03-2021 | 31-03-2021 |
| ഡോ.മഞ്ചു മോഹൻദാസ് | മെഡിക്കൽ ഓഫീസർ പി എച്ച് സി | 01-04-2020 | 31-03-2021 |
| ശ്രീ. അജിത്ത് മോഹൻ | വി ഇ ഒ സർക്കിൾ I | 01-04-2020 | 31-03-2021 |
| ശ്രീ. രാജേഷ് എം | വി ഇ ഒ സർക്കിൾ II | 01-04-2020 | 31-03-2021 |
| ഡോ. സൂരജ് എസ് | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ഡോ. അനിലറാണി | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2020 | 31-03-2021 |
| ശ്രീമതി.സുബി ജെ എസ് | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2020 | 30-10-2020 |
| ശ്രീമതി പാർവതി കൃഷ്ണൻ | ഐ സി ഡി എസ് സൂപ്പർവൈസർ | 31-10-2020 | 31-03-2021 |
| ശ്രീമതി.ജയശ്രീ.കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ശ്രീമതി. റാണി ശ്രീധർ | ഹെഡ് മിസ്ട്രസ്സ് | 01-04-2020 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Zeena K (Senior Grade Auditor, On 17-06-2022)<br>Last Updated By: Sosamma.S (Audit Officer, On 30-06-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക.<br>Written By: Zeena K (Senior Grade Auditor, On 17-06-2022)<br>Last Updated By: K Sreeja (Deputy Director, On 30-06-2022) | 1-2 |
| 3 | ഗ്രാന്റ് വിനിയോഗം<br>Written By: Zeena K (Senior Grade Auditor, On 18-06-2022)<br>Last Updated By: Biji T (Computer Assistant, On 30-06-2022) | 1-3 |
| 4 | പദ്ധതി അവലോകനം.<br>Written By: Zeena K (Senior Grade Auditor, On 18-06-2022)<br>Last Updated By: Sosamma.S (Audit Officer, On 30-06-2022) | 1-4 |
| 5 | ക്ഷേമ പദ്ധതികൾ<br>Written By: Justin Raj T.S (Senior Grade Auditor, On 18-06-2022)<br>Last Updated By: Sosamma.S (Audit Officer, On 30-06-2022) | 1-5 |
| 6 | പണം നീക്കിയിരിപ്പ് പരിശോധന.<br>Written By: Justin Raj T.S (Senior Grade Auditor, On 18-06-2022)<br>Last Updated By: Sosamma.S (Audit Officer, On 30-06-2022) | 1-6 |
| 7 | ആഭ്യന്തര നിയന്ത്രണം.<br>Written By: Sosamma.S (Audit Officer, On 21-06-2022)<br>Last Updated By: Sosamma.S (Audit Officer, On 30-06-2022) | 1-7 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: AnilKumar R (Senior Grade Auditor, On 18-06-2022)<br>Last Updated By: Sosamma.S (Audit Officer, On 30-06-2022) | 1-8 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Sosamma.S (Audit Officer, On 12-06-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 29-06-2022) | 1-9 |
| 10 | രസീതുകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ.<br>Written By: Zeena K (Senior Grade Auditor, On 18-06-2022)<br>Last Updated By: K Sreeja (Deputy Director, On 30-06-2022) | 1-10 |
| 11 | വസ്തു നികുതി -അപാകങ്ങൾ.<br>Written By: Zeena K (Senior Grade Auditor, On 18-06-2022)<br>Last Updated By: Sosamma.S (Audit Officer, On 30-06-2022) | 1-11 |
| 12 | രജിസ്റ്ററുകളുടെ പരിപാലനം തൃപ്തികരമല്ല.<br>Written By: Zeena K (Senior Grade Auditor, On 18-06-2022)<br>Last Updated By: Sosamma.S (Audit Officer, On 30-06-2022) | 1-12 |
| 13 | മൊബൈൽ ടവറുകളുടെ വസ്തുനികുതി പിരിച്ചെടുക്കുന്നില്ല.<br>Written By: Justin Raj T.S (Senior Grade Auditor, On 18-06-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 29-06-2022) | 1-13 |
| 14 | ലൈസൻസ് നൽകൽ കാര്യക്ഷമമല്ല.<br>Written By: Justin Raj T.S (Senior Grade Auditor, On 18-06-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 29-06-2022) | 1-14 |
| 15 | കല്യാണ മണ്ഡപങ്ങൾക്ക് ലൈസൻസ് നൽകിയിട്ടില്ല.<br>Written By: Justin Raj T.S (Senior Grade Auditor, On 18-06-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 29-06-2022) | 1-15 |
| 16 | മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല.<br>Written By: Justin Raj T.S (Senior Grade Auditor, On 18-06-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 29-06-2022) | 1-16 |
| 17 | സ്വകാര്യ ആശുപത്രി/പാരാമെഡിക്കൽ സ്ഥാപനങ്ങളിൽ നിന്നും | 1-17 |

| | | |
|---|---|---|
| | രജിസ്ട്രേഷൻ ഫീസും ലൈസൻസ് ഫീസും ഈടാക്കിയിട്ടില്ല.<br>Written By: Justin Raj T.S (Senior Grade Auditor, On 18-06-2022)<br>Last Updated By: Sosamma.S (Audit Officer, On 30-06-2022) | |
| 18 | തൊഴിൽ നികുതി ആവശ്യപ്പെട്ടുകൊണ്ടുള്ള ഡിമാന്റ് നോട്ടീസ് നൽകിയിട്ടില്ല.<br>Written By: Justin Raj T.S (Senior Grade Auditor, On 18-06-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 29-06-2022) | 1-18 |
| 19 | സ്ഥാപന നികുതി പിരിച്ചെടുത്തിട്ടില്ല.<br>Written By: Justin Raj T.S (Senior Grade Auditor, On 18-06-2022)<br>Last Updated By: Sosamma.S (Audit Officer, On 30-06-2022) | 1-19 |
| 20 | തൊഴിൽ നികുതിയും സ്ഥാപന നികുതിയും ഈടാക്കിയിട്ടില്ല.<br>Written By: Justin Raj T.S (Senior Grade Auditor, On 18-06-2022)<br>Last Updated By: Biji T (Computer Assistant, On 30-06-2022) | 1-20 |
| 21 | ജീവനക്കാരുടെ വിവരം സ്ഥാപനം വെളിപ്പെടുത്തിയിട്ടും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.<br>Written By: Justin Raj T.S (Senior Grade Auditor, On 18-06-2022)<br>Last Updated By: Biji T (Computer Assistant, On 30-06-2022) | 1-21 |
| 22 | അങ്കണവാടികളിൽ ഭൗതിക സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടില്ല.<br>Written By: Justin Raj T.S (Senior Grade Auditor, On 18-06-2022)<br>Last Updated By: Biji T (Computer Assistant, On 30-06-2022) | 1-22 |
| 23 | പദ്ധതി നിർവ്വഹണം സംബന്ധിച്ച രേഖകളിലെ അപാകതകൾ പരിഹരിക്കേണ്ടതാണ്.<br>Written By: Justin Raj T.S (Senior Grade Auditor, On 18-06-2022)<br>Last Updated By: Sosamma.S (Audit Officer, On 30-06-2022) | 1-23 |
| 24 | പ്രത്യേക കന്നുകുട്ടി പരിപാലനം -ചെലവാകാതെ അവശേഷിക്കുന്ന തുക തിരികെ ഈടാക്കേണ്ടതാണ്.<br>Written By: AnilKumar R (Senior Grade Auditor, On 19-06-2022)<br>Last Updated By: Sosamma.S (Audit Officer, On 30-06-2022) | 1-24 |
| 25 | എസ്റ്റിമേറ്റുകൾ വ്യാപകമായി റിവൈസ് ചെയ്യുന്നു.<br>Written By: AnilKumar R (Senior Grade Auditor, On 19-06-2022)<br>Last Updated By: Sosamma.S (Audit Officer, On 30-06-2022) | 1-25 |
| 26 | ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തിയ പ്രോജക്ടുകളിലെ അപാകത-ചെലവ് തുകയായ 1,75,370/-രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: AnilKumar R (Senior Grade Auditor, On 19-06-2022)<br>Last Updated By: Sosamma.S (Audit Officer, On 30-06-2022) | 1-26 |
| 27 | ബിറ്റുമെൻ വാങ്ങിയതിന്റെ അസ്സൽ ബിൽ ഹാജരാക്കിയില്ല ചെലവ് തുകയായ 1,71,072/-രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: AnilKumar R (Senior Grade Auditor, On 19-06-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 29-06-2022) | 1-27 |
| 28 | ആദായ നികുതിയിനത്തിൽ കുറവ് വരുത്തി അടവാക്കുന്നില്ല.<br>Written By: AnilKumar R (Senior Grade Auditor, On 19-06-2022)<br>Last Updated By: Sosamma.S (Audit Officer, On 30-06-2022) | 1-28 |
| 29 | ധനവിനിയോഗ / പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല – 3,41,686/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Sosamma.S (Audit Officer, On 21-06-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 29-06-2022) | 1-29 |
| 30 | സെന്റേജ് ചാർജ്ജ് തിരികെ ഈടാക്കേണ്ടതാണ്.<br>Written By: Sosamma.S (Audit Officer, On 21-06-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 29-06-2022) | 1-30 |

| | | |
|---|---|---|
| 31 | കോവിഡ് ഫസ്റ്റ്ലൈൻ ട്രീറ്റ്മെന്റ് സെന്റർ നടത്തിപ്പിനായി വാങ്ങിയ സാധനസാമഗ്രികൾ പുനരുപയോഗിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.<br>Written By: Sosamma.S (Audit Officer, On 21-06-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 29-06-2022) | 1-31 |
| 32 | പ്രവർത്തനക്ഷമമായ പൊതുടാപ്പുകൾക്ക് മാത്രം വെള്ളക്കരം ഒടുക്കേണ്ടതാണ്.<br>Written By: Sosamma.S (Audit Officer, On 21-06-2022)<br>Last Updated By: Sosamma.S (Audit Officer, On 30-06-2022) | 1-32 |
| 33 | ഹരിത സഹായ സ്ഥാപനം - കരാറടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ നടപ്പാക്കേണ്ടതാണ്.<br>Written By: Sosamma.S (Audit Officer, On 21-06-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 29-06-2022) | 1-33 |
| 34 | ഗുണഭോക്താക്കളുടെ തിരഞ്ഞെടുപ്പിന് അംഗീകാരം നേടിയിട്ടില്ല.<br>Written By: Sosamma.S (Audit Officer, On 21-06-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 29-06-2022) | 1-34 |
| 35 | തെരുവ് വിളക്ക് പരിപാലനം - സർക്കാർ നിർദേശം പാലിക്കേണ്ടതാണ്.<br>Written By: Sosamma.S (Audit Officer, On 21-06-2022)<br>Last Updated By: Sosamma.S (Audit Officer, On 30-06-2022) | 1-35 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Zeena K (Senior Grade Auditor, On 17-06-2022)<br>Last Updated By: Sosamma.S (Audit Officer, On 30-06-2022) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾ<br>Written By: Zeena K (Senior Grade Auditor, On 17-06-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 29-06-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Sosamma.S (Audit Officer, On 12-06-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 29-06-2022) | 4-3 |
| 4 | വായ്പ / വായ്പാ തിരിച്ചടവ്<br>Written By: Zeena K (Senior Grade Auditor, On 17-06-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 29-06-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Sosamma.S (Audit Officer, On 12-06-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 29-06-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി വിവരങ്ങൾ<br>Written By: Zeena K (Senior Grade Auditor, On 17-06-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 29-06-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട് ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: Sosamma.S (Audit Officer, On 12-06-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 29-06-2022) | 4-7 |
| 8 | ചാർജ് സർചാർജ് നടപടികളുടെ വിവരം<br>Written By: Sosamma.S (Audit Officer, On 12-06-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 29-06-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Zeena K (Senior Grade Auditor, On 17-06-2022)<br>Last Updated By: Sosamma.S (Audit Officer, On 30-06-2022) | 4-9 |

| | | |
|---|---|---|
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം<br>Written By: Sosamma.S (Audit Officer, On 21-06-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 29-06-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

1994-ലെ കേരള പഞ്ചായത്ത്‌രാജ് ആക്ട് 175(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഓരോ വർഷാവസാനത്തിനു മുൻപും അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214(1) പ്രകാരം ആയത് ബജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. സ.ഉ(സാധാ)നം.3291/2016/തസ്വഭവ, തീയതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ' അനുസരിച്ച് സർക്കാർ അതതു സമയങ്ങളിൽ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായി വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതാണ്. അംഗീകരിക്കപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ ബജറ്റിന്റെ ഭാഗമാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ 2020-21 വാർഷിക ബജറ്റ് 11.03.2020-ലെ 1(1)-ാം നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചു.

1. ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 1979763 |
| വരവ് | 293948500 |
| ആകെ | 295928263 |
| ചെലവ് | 294168500 |
| നീക്കിയിരിപ്പ് | 1759763 |

ബജറ്റ് നിയന്ത്രണത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, സെക്രട്ടറി, അക്കൗണ്ടന്റ് എന്നിവരുടെ ചുമതല വളരെ പ്രധാനപ്പെട്ടതാണ്. സ്ഥാപനത്തിന്റെ സാമ്പത്തിക അച്ചടക്കത്തിന്റെ ആണിക്കല്ലായ ബജറ്റിൽ എല്ലാ വരവ്-ചെലവിനങ്ങളും ഉൾപ്പെട്ടുവെന്നും ലഭ്യമാകുവാനുള്ള എല്ലാ തുകകളും ലഭ്യമായെന്നും ഉറപ്പാക്കേണ്ടത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയാണ്. അലോട്ട്മെന്റുകൾ നൽകുമ്പോൾ ആയത് ബജറ്റിന് അനുസൃതമാണെന്ന് അക്കൗണ്ടന്റും സെക്രട്ടറിയും ഉറപ്പാക്കേണ്ടതാണ്.

2. ബജറ്റ് പ്രകാരമുള്ള വരവും ചെലവും വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള വരവും ചെലവും തമ്മിൽ അന്തരം.

2020-21 വർഷത്തെ ബജറ്റ് പ്രകാരമുള്ള വരവും ചെലവും വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള യഥാർത്ഥ വരവും ചെലവും തമ്മിൽ ഭീമമായ അന്തരം ഉള്ളതായി കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വിവരം | ബജറ്റ് പ്രകാരം | വാർഷിക ധനകാര്യപത്രിക പ്രകാരം |
|---|---|---|
| പ്രാരംഭ ബാക്കി | 1979763 | 11067110 |
| തൻവർഷം വരവ് | 293948500 | 84639059 |
| ആകെ വരവ് | 295928263 | 95706169 |
| ചെലവ് | 294168500 | 85301431 |
| നീക്കിയിരിപ്പ് | 1759763 | 10404738 |

യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്ന ബജറ്റ് തയ്യാറാക്കുവാൻ ഉദ്യോഗസ്ഥരും ഭരണസമിതിയും

ശ്രദ്ധിക്കേണ്ടതാണ്.

3. പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിച്ചിട്ടില്ല .

02.12.2016-ലെ ജി.ഒ(ആർ.റ്റി) നം.3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം പാസാക്കിയ ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ ഖ.3.1(ii) പ്രകാരം വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1.ബജറ്റ് പ്രസംഗം

2.ബജറ്റ് കുറിപ്പുകൾ

ബജറ്റുമായി ബന്ധപ്പെട്ട ഫയലിൽ പ്രസ്തുത രേഖകൾ ഉൾപ്പെട്ടിട്ടില്ല.

4. വകയിരുത്തിയതിനെക്കാളും തുക ചെലവ് ചെയ്തിരിക്കുന്നു.

കേരള പഞ്ചായത്ത്‌രാജ് ആക്ടിലെ 214(5) പ്രകാരം ബജറ്റിൽ ഇല്ലാത്ത/വകയിരുത്താത്ത ചെലവ് ചെയ്യേണ്ടി വന്നാൽ തൊട്ടടുത്ത് ചേരുന്ന പഞ്ചായത്ത് യോഗത്തിൽ അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ അംഗീകരിച്ച് അനുവാദം നേടേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിലെ 2020-21 സാമ്പത്തിക വർഷത്തെ ബജറ്റും പുതുക്കിയ ബജറ്റും (2021-22) പരിശോധിച്ചതിൽ വകയിരുത്തിയതിനെക്കാളും തുക ചെലവ് ചെയ്തിരിക്കുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| Head Code | Particulars | Amount In AFS | Amount In Budget |
|---|---|---|---|
| 230110101 | Water Charges For KWA Street Taps | 471068 | 100000 |
| 230300101 | Consumption Of Stores-Medicines | 700000 | 0 |
| 2305002 | Repairs & Maintenance Infrastructure Assets-Roads | 6241562 | 25000 |
| 230500302 | Repairs & Maintenance Lanes | 330057 | 25000 |
| 230500702 | Repairs & Maintenance-Elecricity - Line Extension | 160843 | 15000 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.16/22(1)-നുള്ള മറുപടിയിൽ പ്രസ്തുത ചെലവുകളെല്ലാം പ്രോജക്ട് ചെലവുകളാണെന്നും 23.09.2020-ൽ ILGMS സോഫ്റ്റ്‌വെയറിലേക്ക് മാറുകയും ചെയ്ത സാഹചര്യത്തിൽ 2021 ജൂലൈ മാസത്തിൽ മാത്രമാണ് PDE (Past Data Entry) ചെയ്യുന്നതിനുള്ള സൗകര്യം ലഭിച്ചതെന്നും അറിയിച്ചിരിക്കുന്നു. സാംഖ്യയുടെ ഹെഡുകൾക്ക് സമാനമായി ILGMS-ൽ ഹെഡുകൾ ഇല്ലാത്തതിനാൽ വിഷയത്തിനു സമാനമായ ഹെഡുകളിൽ ചെലവ് കൊണ്ടുവരികയാണ് ചെയ്തതെന്ന് മറുപടി ലഭ്യമാക്കിയിരിക്കുന്നു.

5. ബജറ്റിലെ ഹെഡിലെ ചെലവിനമല്ല വാർഷിക ധനകാര്യപത്രികയിലെ ഹെഡിലെ ചെലവിനം. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ബജറ്റ് പ്രകാരമുള്ള ഹെഡ് | ഇനം | വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള ഹെഡ് | ഇനം |
|---|---|---|---|
| 2501005 | Agriculture And Related Sectors-Dairy Development | 2501005 | Tuber Crops Distribution |

| | | | |
|---|---|---|---|
| 2501003 | Agriculture Related Programms | 2501003 | Vegetables |
| 2501004 | Animal Husbandry | 2501004 | Plantain – Biofertilizers Distribution |
| 2501015 | Agricultural And Related-Medicinal Herb | 2501015 | Agricultural Development – Infrastructural Facilities-Land For Cultivation |
| 2501022 | Agriculture And Related Sectors-Cashewnuts | 2501022 | Warer Conservation Lake Maintenance |

6. ബജറ്റിലില്ലാത്ത ഹെഡുകളുടെ ഇനങ്ങൾക്ക് വാർഷിക ധനകാര്യപത്രിക പ്രകാരം ചെലവ് വന്നിരിക്കുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| Head Code | Particulars | Amount |
|---|---|---|
| 250130203 | Marine Pisciculture-Gilnet | 21615 |
| 250130301 | Inland Pisciculture-Distribution Of Small Fish | 218838 |
| 251110208 | Medical Instititution – Homeo – Purchase Of Medicines | 250000 |
| 251110108 | Medical Instititution-Ayurveda-Manufacturing Of Medicine | 400000 |
| 251110109 | Medical Instititution-Ayurveda-Purchase Of Medicine | 500000 |
| 251110501 | Health Related Activities- Palliative Care | 1285437 |

ഇു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 16/22 (2&3)-നുള്ള മറുപടിയിൽ ILGMS-ൽ മാറി വന്ന പ്രസ്തുത ഹെഡുകളുടെ വിവരം ലഭ്യമാക്കിയിരിക്കുന്നു. നിലവിൽ ബജറ്റ് ഹെഡും ILGMS-ലെ ഹെഡും വ്യത്യാസപ്പെട്ടിരിക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു. എന്നാൽ പ്രസ്തുത ഹെഡുകൾ ഏതടിസ്ഥാനത്തിൽ ഉൾപ്പെട്ടുവെന്ന വിവരം ലഭ്യമാക്കിയിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2021 | 28-05-2022 |

വാർഷിക ധനകാര്യപത്രിക പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ.

24.09.2020-ൽ പഞ്ചായത്ത് ILGMS എന്ന പുതിയ Software-ലേയ്ക്ക് മാറിയ സാഹചര്യത്തിൽ അതിന്റെ

അടിസ്ഥാനത്തിലുള്ള വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. Account Head-കളിലെ വ്യത്യാസം.

2019-20 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രികയിലെ Balance Sheet, 2020-21-ലെ ILGMS – Trial Balance, Opening Balance എന്നിവ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന ഇനങ്ങളുടെ അക്കൗണ്ട് ഹെഡുകളിൽ വ്യത്യാസം വന്നിരിക്കുന്നു.

| Item | Headcode As Per Sankya AFS | Headcode As Per ILGMS AFS |
|---|---|---|
| NREGA | 320100101 | 320100128 |
| ICDS | 320100121 | 320100125 |
| Grants, Funds & Contributions For Specific Purposes - Other Than Development Fund And State Sponsor | 320200301 | 320200308 |
| Literacy Scheme Grant | 320200309 | 320100197 |
| NABARD Assistance | 320200321 | 320400101 |
| Grants From Suchitwa Mission | 320200322 | 320100198 |
| Government And Other Dues Payable-Value Added Tax | 350300103 | 350200202 |
| Refund Of Unutilised Grants Of Prior Period | 350300109 | 350400999 |
| Government And Other Dues Payable-CGST | 350300110 | 350200205 |
| Government And Other Dues Payable-SGST | 350300111 | 350200206 |
| Government And Other Dues Payable-Flood Cess | 350300116 | 350300111 |

2. മുൻ വർഷത്തെ പല അക്കൗണ്ടുകളും പുതിയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്താതെ പ്രത്യേക അക്കൗണ്ടായി രേഖപ്പെടുത്തിയിരിക്കുന്നു.

| സാംഖ്യ അക്കൗണ്ടിലെ വിവരം | | | ILGMS അക്കൗണ്ടിലെ വിവരം | | |
|---|---|---|---|---|---|
| ഹെഡ് കോഡ് | ഇനം | തുക | ഹെഡ് കോഡ് | ഇനം | തുക |
| 410200101<br>410200199 | Buildings – Markets<br>Buildings -Others | 308828<br>17329654 | 415120102 | Other Buildings | 17638482 |
| 410300101 | Roads-cement Concrete | 4719138 | 415110001<br>415120009 | Roads-New Roads<br>Furniture | 8803304<br>2598816 |
| 410300201 | Lanes Cement Concrete | 4084166 | | | |
| 410710104 | Movable Assets | 2307916 | | | |

| | | | | | |
|---|---|---|---|---|---|
| 410710199 | Movable Assets-others | 290900 | | | |
| 450210102 | Sbi -Own Fund -E-payment | 941996 | 450210101 | Nationalised Bank Account Of Own Revenue Fund | 2711309 |
| 450230101 | Mylachal Service Co-Operative Bank | 3736801 | 450210102 | Coperative Bank Account Of Own Revenue Fund | 3797793 |
| 450230103 | Mylachel SCB Relief 9054 | 11060 | 450210104 | Treasury Account Of Traditional Functions Fund | 4364968 |
| 450420101 | Kerala Grameen Bank-Life Mission | 926281 | | | |
| 450610101 | Federal Bank – MGNREGS | 431098 | | | |
| 450630101 | SBT-Saksharatha | 411934 | | | |
| 450630101 | DCB – Thanal Housing Scheme | 49932 | | | |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.1/2022-നുള്ള മറുപടിയിൽ ലോക്കൽ സാംഖ്യയിലെയും ILGMS-ലെയും അക്കൗണ്ട് ഹെഡുകളിൽ വ്യത്യാസം സംബന്ധിച്ച് പഞ്ചായത്തിനു മാത്രമായി നടപടി സ്വീകരിക്കുവാൻ കഴിയാത്ത സാഹചര്യമാണെന്ന് അറിയിച്ചിരിക്കുന്നു. പ്രസ്തുത പൊരുത്തക്കേടുകൾ ILGMS അക്കൗണ്ട് തയ്യാറാക്കുന്ന IKM-മായും ഭരണവകുപ്പുമായും ചർച്ചചെയ്ത് പൊരുത്തപ്പെടുത്തി അറിയിക്കേണ്ടതാണ്.

3. ILGMS-ൽ Past Data Entry (PDE) ചെയ്തതിൽ വ്യത്യാസം.

22.09.2020-ൽ ILGMS സോഫ്റ്റ്‌വെയറിൽ പഞ്ചായത്ത് മാറിയപ്പോൾ (PDE ചെയ്തപ്പോൾ) ചുവടെ ചേർത്തിരിക്കുന്ന ഇനങ്ങൾ വ്യത്യാസപ്പെട്ടു കാണുന്നു.

1)

| Head Code | Item | As Per Sankya AFS (22.09.2020) | ILGMS (PDE) |
|---|---|---|---|
| 220800199 | Other Administrative Expenses | 4328 | 35508 |
| 220800109 | Loading And Unloading Charges | 1180 | No Entry |
| 230800114 | Expenses Related To Pandemic/ Epidemic Control | 225549 | No Entry |
| 250103401 | Animal Husbandry-Caif-general | 306250 | No Entry |
| 251011501 | Literacy Equivalence Examination-General | 8000 | No Entry |
| 251630101 | Elecricity Line Extension | 160843 | No Entry |
| 251600601 | General Economic Services | 30000 | No Entry |
| 251600501 | General Economic Services-Plan Formulation | 47229 | No Entry |
| 251410102 | Anganwadi Nutrition-SCP | 281643 | No Entry |

2) ചുവടെ ചേർക്കുന്ന ഇനങ്ങൾക്ക് ഒരേ അക്കൗണ്ട് ഹെഡ് നൽകിയിരിക്കുന്നു.

| | | | |
|---|---|---|---|
| 250101101 | Agricultural And Related Sectors-vegetables-general | 51800 | |
| 250101101 | Pepper – Tender Plant Distribution | | 48000 |

| | | | |
|---|---|---|---|
| 250104001 | Animal Husbandry – Disease Control – General | 210000 | |
| 250104001 | Cereal Crops – Seed Distribution | | No Entry |
| 250104601 | Dairy Development-Storage And Marketing -General | 1892800/- | |
| 250104601 | Agrarian Disease Control Of Pests | | No Entry |
| 251100201 | Primary Education General | 216154 | |
| 251100201 | Secondary Education-Maintenance Of Sanitation Facilities In Govt Schools | | No Entry |

ഇത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.2/22-നുള്ള മറുപടിയിൽ 2020-21 സാമ്പത്തിക വർഷം മധ്യത്തിലാണ് ILGMS ആരംഭിച്ചതെന്നും എന്നാൽ PDE ചെയ്യുന്നതിന സൗകര്യം ലഭിച്ചത് 2021 ജൂലൈ മാസത്തിലുമാണ്. അതിനാൽ സാംഖ്യയ്ക്ക് സമാനമായ എല്ലാ ഹെഡുകളും ILGMS-ൽ ലഭിക്കാത്തതിനാൽ വിഷയങ്ങൾക്ക് സമാനമായ ഹെഡിലേയ്ക്ക് ചെലവുകൾ കൊണ്ടുവരികയാണ് ചെയ്തിരിക്കുന്നതെന്ന് അറിയിച്ചിരിക്കുന്നു. തുടർന്നുവരുന്ന വർഷങ്ങളിൽ മേൽ പ്രശ്നം ഏറെക്കുറെ പരിഹരിച്ചിട്ടുണ്ടെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. അക്കൗണ്ടുകളിൽ മുൻ വർഷവും തൻ വർഷവും ഒരേ തുകകൾ തന്നെ തനതു ഫണ്ടിൽ നീക്കിയിരിപ്പായി കാണുന്നു.

23.01.2017-ലെ ജി.ഒ(പി) 07/17/ധന നമ്പർ ഉത്തരവ് പ്രകാരം പ്രോജക്റ്റ് നിർവ്വഹണം നടത്താത്തപക്ഷം പ്രസ്തുത പദ്ധതി സ്പിൽ ഓവർ ആയില്ലെങ്കിൽ നിർവ്വഹണം ഏറ്റെടുത്ത തദ്ദേശസ്ഥാപനം ജോയിന്റ് ആക്കൗണ്ട് മാർച്ച് 31-ന് മുൻപ് റിക്കൺസിലിയേഷൻ നടത്തി ചെലവഴിക്കാൻ കഴിയാത്ത തുക അതത് തദ്ദേശസ്ഥാപനത്തിന് കൈമാറേണ്ടതും അക്കൗണ്ട് സീറോ ബാലൻസ് ആക്കേണ്ടതുമാണെന്നിരിക്കെ സംയുക്ത പ്രോജക്ടുകളുടെ തുകകൾ ചെലവഴിക്കാതെ തനതുഫണ്ടിൽ അവശേഷിക്കുന്നു. (B -4 Schedule). വിശദ വിവരം ചുവടെ ചേർക്കുന്നു.

| Code | Item | Amount |
|---|---|---|
| 320200205 | Fund For Transferred Institutions-Social Justice-Capital | 280000 |
| 320200308 | Grants, Funds & Contributions For Specific Purpose – Other Than Development Fund | 20000 |
| 320400101 | Nabard Assisitance | 5179 |

ഇത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.3/22(1)-നുള്ള മറുപടിയിൽ ചെലവാകാത്ത തുകകൾ ബന്ധപ്പെട്ട് നിർവഹണോദ്യോഗസ്ഥരിൽ നിന്നും റിപ്പോർട്ട് വാങ്ങി, കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുന്നതാണെന്ന അറിയിച്ചിരിക്കുന്നു.

പ്രസ്തുത തുക തിരിച്ചടയ്ക്കുന്നതിനോ ചെലവഴിക്കുന്നതിനോയുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

5. Beneficiary Contribution ആയി 75000/- രൂപയും Other Liabilities ആയി 50000/- രൂപയും തനതു ഫണ്ടിൽ അവശേഷിക്കുന്നു.

Beneficiary Contribution ആയി 75000/-രൂപ 2020-21-ൽ തന്നെ ചെലവഴിച്ചിട്ടുണ്ടെന്നും വാർഷിക ധനകാര്യപത്രികയിൽ തെറ്റായി രേഖപ്പെടുത്തിയതാണെന്നും അറിയിച്ചിരിക്കുന്നു. (ഓഡിറ്റ് എൻക്വയറി നം.3/22(2) ) 2021-22-ൽ പ്രസ്തുത അപാകത പരിഹരിക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു.

Other Liabilities ആയി 50000/-രൂപ SBI Own Fund Account-ൽ Direct Credit ആയ തുകയാണെന്നും പ്രസ്തുത തുകയുടെ മുൻ റിക്കോർഡുകൾ കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ലായെന്നും തുകയുടെ വിവരങ്ങൾ വീണ്ടും അന്വേഷിച്ച് അറിയിക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു.

6. ശുചിത്വ മിഷൻ ഫണ്ട് നീക്കിയിരിപ്പിൽ വ്യത്യാസം.

2019-20-ലെ ശുചിത്വ മിഷൻ ഫണ്ട് നീക്കിയിരിപ്പായി 2,69,248/-രൂപയും തൻവർഷ വരവായി 17,46,640/-രൂപയും (RP 30) ചെലവായി (I 6) 15,64,150/-രൂപയുമാണ്. എന്നാൽ നീക്കിയിരിപ്പ് 451738/- എന്നത് വാർഷിക ധനകാര്യ പത്രികയിൽ 160000/- എന്ന് രേഖപ്പെടുത്തിയിരിക്കുന്നു.

ഇത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.3/22(3)-ന ILGMS-ന്റെ പ്രാരംഭഘട്ടത്തിൽ ശുചിത്വ മിഷൻ ഫണ്ടിന്റെ ഹെഡ് ലഭിക്കാത്തതിനാൽ 320300103 (Total Sanitation) എന്ന ഹെഡിലേയ്ക്കാണ് റസീപ്റ്റ് ചെയ്തിരിക്കുന്നത്. അതിനാൽ വരവിൽ Total Sanitation-ന്റെ വരവായ 9,32,142/-രൂപ കൂടി ഉൾപ്പെടുത്തിയിരിക്കുകയാണ്. ചെലവ് തുക മൂന്ന് ഹെഡിലായാണ് നടന്നിരിക്കുന്നത്. വിശദവിവരം ചുവടെ.

| Head Code | Item | Amount |
|---|---|---|
| 160100769 | Suchitwa Mission Grant | 1564150 |

| | | |
|---|---|---|
| 160100681 | Total Sanitation Campaign | 232960 |
| 160100717 | Grants For Solid Waste Management | 291738 |
| | Total | 20,88,848/- |

B-4 ലെ നീക്കിയിരിപ്പ് തുകകൾ Grant From Suchitwa Mission And Total Sanitation-നമായിട്ടുള്ള തുകയായ 8,59,182/-രൂപയാണ്.

| | |
|---|---|
| മുന്നിരിപ്പ് | 269248 |
| വരവ് | 2678782 (1746640 +932142) |
| ആകെ | 2948030 |
| ചെലവ് | 2088848 |
| നീക്കിയിരിപ്പ് | 859182 (160000 +699182) |

7. KURDFC ലോൺ നീക്കിയിരിപ്പിൽ വ്യത്യാസം.

ലോൺ രജിസ്റ്റർ പ്രകാരം KURDFC-യുടെ ലോൺ നീക്കിയിരിപ്പ് 5,99,69,146/-രൂപയാണ്. എന്നാൽ വാർഷിക ധനകാര്യപത്രിക പ്രകാരം 5,83,97,460/- രൂപയെന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.3/22(4)-ന്റെ മറുപടിയിൽ 2019-20 സാമ്പത്തിക വർഷത്തിൽ SCP ഫണ്ടിൽ നിന്നും കുറവ് ചെയ്ത തുകയായ 80,882/- രൂപ GO പ്രോജക്ടായും വാർഷിക ധനകാര്യപത്രികയിലും ഉൾപ്പെടുത്തുവാൻ വിട്ടുപോയിരുന്നുവെന്നും അതിനാൽ മുൻവർഷം നീക്കിയിരിപ്പായി അധികമായി തുക വന്നിരുന്നു. 2020-21 സാമ്പത്തിക വർഷത്തിൽ ILGMS-ൽ PDE യിൽ 16,52,568/-രൂപയാണ് ചെയ്തത്. കൂടാതെ മാർച്ച് 31-ന്റെ ഉറവിടത്തിൽ നിന്ന കുറവ് ചെയ്ത തുക വീണ്ടും (80,882/-) ജേണൽ ചെയ്തു. പ്രസ്തുത വ്യത്യാസമാണ് ലോൺ തുകയിൽ നീക്കിയിരിപ്പായി കാണുന്നത്. (1652568-80882=1571686/-).

8. സംയുക്ത പ്രോജക്ട് (320700204 -Joint Venture Project From Block Panchayat) സുലേഖ ചെലവ് പത്രികയിലെ ചെലവ് തുകയിൽ വ്യത്യാസം.

സംയുക്ത പ്രോജക്ട് (320700204 -Joint Venture Project From Block Panchayat) 2019-20-ലെ നീക്കിയിരിപ്പായി 14,49,897/-രൂപയും തൻവർഷ വരവായി 2366702(RP7, RP 30 എന്നിവ പ്രകാരം)/-രൂപയുമാണ്. എന്നാൽ പ്രസ്തുത പദ്ധതിയുടെ സുലേഖ പത്രിക പ്രകാരമുള്ള ചെലവ് 26,61,305/-രൂപയാണ്. നീക്കിയിരിപ്പ് B -4 പ്രകാരം 1055294 ആണ്. എന്നാൽ യഥാർത്ഥ നീക്കിയിരിപ്പ് 1155294, 1,00,000/-രൂപയുടെ വ്യത്യാസം വന്നിരിക്കുന്നു.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.3/22(5)-ന്റെ മറുപടിയിൽ പ്രോജക്ട് നം 126/21-ൽ അംഗൻവാടി പോഷകാഹാരം എന്ന പദ്ധതി ബ്ലോക്ക് പഞ്ചായത്തിന്റെയാണെങ്കിലും സുലേഖ ചെലവു പത്രികയിൽ ആയത് മറ്റ് ഗ്രാമപഞ്ചായത്ത് എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത വ്യത്യാസമാണ് നീക്കിയിരിപ്പിലും 20-21 B4 പ്രകാരമുള്ള നീക്കിയിരിപ്പിലും വ്യത്യാസം വന്നിരിക്കുന്നത്.

9. ഡെപ്പോസിറ്റ് തുകകളിലെ നീക്കിയിരിപ്പിൽ വ്യത്യാസം.

ചുവടെ ചേർക്കുന്ന ഡെപ്പോസിറ്റ് തുകകളുടെ നീക്കിയിരിപ്പിൽ വ്യത്യാസം വന്നിരിക്കുന്നു.

| ഡെപ്പോസിറ്റ് ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| Contractors – EMD | 104350 | 334245 | 438595 | 279395 | 47,400/- രൂപയായാണ് കാണിച്ചിരിക്കുന്നത്. |
| Suppilers – EMD | 28175 | 14980 | 43155 | 16875 | 24,680/- രൂപയായാണ് കാണിച്ചിരിക്കുന്നത്. |
| Contractors SD | 15950 | 147300 | 163250 | 105100 | 46,000/- രൂപയായാണ് കാണിച്ചിരിക്കുന്നത് |
| Other Deposits | 33627 | 24000 | 57627 | - | 33,627/-രൂപയായാണ് കാണിച്ചിരിക്കുന്നത് |
| Other Deposits – Revenue | 37315 | - | 37315 | - | 61,315/-രൂപയായാണ് കാണിച്ചിരിക്കുന്നത് |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.3/22 (6)-ന്റെ മറുപടിയിൽ ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കി സമർപ്പിക്കുന്നതാണെന്ന് അറിയിച്ചിരിക്കുന്നു.

നീക്കിയിരിപ്പ് തുകകൾ കൃത്യമായി രേഖപ്പെടുത്തുകയും മൂന്ന് വർഷത്തിന്മേലുള്ള ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

10. അക്കൗണ്ടുകൾ നിഷ്ക്രിയമായി കിടക്കുന്നു.

ചുവടെ ചേർക്കുന്ന അക്കൗണ്ടുകൾ നിഷ്ക്രിയമായി കിടക്കുന്നു.

Thanal DCB -(499)

Distress Relief -Mylachal SCB(9054)

മേൽ അക്കൗണ്ടുകൾ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ക്ലോസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിരിക്കുന്നു.

ILGMS-മായി ബന്ധപ്പെട്ട അപാകങ്ങളുടെ സംക്ഷിപ്തം.

പഞ്ചായത്തിന്റെ നിലവിൽ സാംഖ്യാ സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിരുന്ന വാർഷിക ധനകാര്യ പത്രിക 22.09.2021 തീയതി മുതൽ ILGMS എന്ന ഇന്റഗ്രേറ്റഡ് സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിരിക്കുകയാണ്. ഇന്റഗ്രേഷൻ നടത്തിയ തീയതിയിലെ CB-യും ILGMS-ൽ പ്രവേശിച്ച തീയതിയിലെ OB-യും (ട്രയൽ ബാലൻസ്) വിവിധ അക്കൗണ്ട് ഹെഡുകളുടെ പൊരുത്തവും പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

1. 2019-20 ബാലൻസ് ഷീറ്റിലെ വിവിധ ക്ലോസിംഗ് ബാലൻസുകൾ തൻവർഷത്തെ ട്രയൽ ബാലൻസിൽ ഓപ്പണിംഗ് ബാലൻസ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

2. വിവിധ അക്കൗണ്ട് ഹെഡുകൾ പൊരുത്തപ്പെടുന്നില്ല. 2019-20 ൽ സാഖ്യയിൽ നിലവിൽ ഉണ്ടായിരുന്ന ഹെഡുകൾ പലതും 2020-21 ൽ വ്യത്യാസപ്പെട്ടിരിക്കുന്നു. കൂടാതെ RP പ്രകാരം ചെലവിനങ്ങളുടെ ഹെഡുകളിലും ഹെഡുകൾ കൂടി ചേർത്തിട്ടുണ്ട്.

3. ഹെഡുകൾ പലതായി തരംതിരിക്കപ്പെട്ടിരിക്കുന്നു.

ഉദാ :- 2019-20 ലെ AFS പ്രകാരം B11 Fixed Assets എന്നത് -

B11 (C) Capital Expenses Production Sector

B11 (D) Capital Expenses Service Sector

B11 (E) Capital Expenses Infrastructure Sector

എന്നിങ്ങനെ മൂന്ന് സബ് ഷെഡ്യൂളുകളായി തിരിച്ചിരിക്കുന്നു. തുകകൾ പൊരുത്തപ്പെടുത്തുന്ന റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

4. 2019-20 B9 ഷെഡ്യൂളിൽ 320160999 എന്ന Head (Other Liabilities) B4-ലേക്ക് മാറിയിട്ടുണ്ട്. കാരണം വിശദീകരിച്ചിട്ടില്ല.

5. 2019-20 B17 ഷെഡ്യൂളിൽ വ്യത്യസ്ത Account Head-കളിൽ നിലനിന്നിരുന്ന ബാങ്ക് അക്കൗണ്ടുകൾ 2020-21-ലെ AFS-ൽ അക്കൗണ്ട് ഹെഡുകൾ മാറുകയും വ്യത്യസ്ത അക്കൗണ്ട് ഹെഡുകളിൽ നിലനിന്നിരുന്ന തുകകൾ ട്രയൽ ബാലൻസിൽ ഒരുമിച്ചും ബാലൻസ് ഷീറ്റിൽ ഒരേ ഹെഡിൽ തന്നെ പ്രത്യേകം സബ്ഹെഡുകളായി കാണിച്ചിരിക്കുന്നു. ആകെ തുക വ്യത്യാസപ്പെടുന്നില്ല.

6. 2019-20 ൽ നിലനിന്നിരുന്ന പല അക്കൗണ്ട് ഹെഡുകളും 2020-21 ൽ വ്യത്യാസപ്പെടുകയോ കൂട്ടിച്ചേർക്കപ്പെടുകയോ ചെയ്തിട്ടുണ്ട്.

അക്കൗണ്ട് ഹെഡുകളുമായി ബന്ധപ്പെട്ട മേൽപ്പറഞ്ഞ പൊരുത്തക്കേടുകൾ സ്ഥാപനത്തിന്റെ വാർഷിക ധനകാര്യ പത്രികയുടെ കൃത്യവും പൂർണവുമായ ഓഡിറ്റിന് തടസ്സമായിട്ടുണ്ട്. ഇ-സബ്മിറ്റ് ചെയ്യപ്പെട്ട അക്കൗണ്ട്സും ILGMS-ന്റെ Auditor Login-ൽ ലഭ്യമായ അക്കൗണ്ട്സും മുൻ വർഷത്തെ സാംഖ്യ അക്കൗണ്ട്സുമായി പൊരുത്തപ്പെടുത്തേണ്ടതാണ്. ഇക്കാര്യത്തിൽ IKM, ഭരണ വകുപ്പ് എന്നിവരിൽ നിന്നും നിർദ്ദേശങ്ങൾ തേടി പരിഹരിച്ച് ഓഡിറ്റിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-3 ഗ്രാന്റ് വിനിയോഗം

സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് – ചെലവ് – നീക്കിയിരിപ്പ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 13823707 | 13823707 | 19876435 | -6052728 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 6071861 | 6071861 | 5558460 | 513401 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 158000 | 158000 | 0 | 158000 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied) | 0 | 7490000 | 7490000 | 3656479 | 3833521 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-untied) | 0 | 13553471 | 13553471 | 10760432 | 2793039 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 6047211 | 6047211 | 6069372 | -22161 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 12131000 | 12131000 | 12120294 | 10706 |

1-3-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, ACR, വാർഷിക ധനകാര്യപത്രിക എന്നിവയുടെ ചെലവ് തുകകളിൽ വ്യത്യാസം.

വാർഷിക ധനകാര്യപത്രിക, ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, ACR എന്നിവ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന ചെലവ് തുകകളിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.

| Item | AFS പ്രകാരം | ACR പ്രകാരം | Grant Statement പ്രകാരം |
|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 13420174 | 13822517 | 19876435 |
| വികസന ഫണ്ട് (എസ്.സി.പി) | 5219555 | 5368225 | 5558460 |
| മെ.ഫണ്ട് (നോൺ റോഡ്) | 5835596 | 6007583 | 6069372 |
| വികസന ഫണ്ട് (CFC Basic Grant) | 10554114 | 10760432 | 10760432 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.4/2022-ന്റെ മറുപടിയിൽ ഉറവിടത്തിൽ കുറവ് വന്നതിനാലാണെന്ന് അറിയിച്ചിരിക്കുന്നു. പ്രസ്തുത പൊരുത്തക്കേട് ക്രമപ്പെടുത്തി അക്കൗണ്ട്സ് സജ്ജമാക്കേണ്ടതാണ്.

എന്നാൽ വാർഷിക ധനകാര്യപത്രികയിലെ ചെലവും ACR-ലെ ചെലവും തമ്മിൽ വ്യത്യാസത്തിനു Software Issue എന്നാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, ACR, വാർഷിക ധനകാര്യപത്രിക എന്നിവയുടെ വരവും ചെലവും പൊരുത്തപ്പെടുത്തി ഓഡിറ്റിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-3-2 പട്ടികജാതി ഉപദ്ധതി വിഹിതം പാഴായി.

29.01.2018-ലെ, സ ഉ നം 11/2018/തസ്വഭവ പ്രകാരമുള്ള വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ ഖണ്ഡിക 6.1(1)-ൽ പട്ടികജാതി ഉപപദ്ധതി വിഹിതം പാഴാക്കുവാനോ വകമാറ്റി ചെലവഴിക്കാനോ പാടില്ലായെന്നിരിക്കെ അസി.സെക്രട്ടറി നിർവഹണം നടത്തിയ പ്രോജക്ട് നം.154/21 പ്രകാരം വസ്തു വാങ്ങൽ എസ്.സി.പി എന്ന പദ്ധതിയ്ക്കായി 5,00,000/-രൂപ വകയിരുത്തി. എന്നാൽ പദ്ധതി നടപ്പിലാക്കിയിട്ടുമില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.31/2022-ന്റെ മറുപടിയിൽ വസ്തുവിലേയ്ക്കുള്ള വഴിയ്ക്ക് ചില വ്യക്തികൾ വസ്തു വിട്ടുനൽകാൻ തയ്യാറാകാത്ത സാഹചര്യത്തിൽ പദ്ധതി പൂർത്തിയാക്കുവാൻ കഴിഞ്ഞില്ലായെന്ന് അറിയിച്ചിരിക്കുന്നു.

ആസൂത്രണത്തിലെ വീഴ്ച കാരണമാണ് പ്രസ്തുത പദ്ധതി പൂർത്തീകരിക്കുവാൻ കഴിയാത്തത്. ഭാവിയിൽ പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ എല്ലാ വശങ്ങളും പരിശോധിച്ച് നടപ്പിലാക്കുവാൻ കഴിയുന്ന പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുവാൻ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-4 പദ്ധതി അവലോകനം.

2018-19 മുതൽ 2021-22 വരെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ 29.01.2018-ലെ സ.ഉ(കൈ) നം.11/2018/തസ്വഭവ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിന്റെ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട വിവരങ്ങൾ വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്ട്സ്, സ്റ്റാറ്റസ് റിപ്പോർട്ട്, സുലേഖ ചെലവ് പത്രിക എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ആസൂത്രണ സമിതി

തദ്ദേശഭരണ സ്ഥാപനത്തിലെ പദ്ധതി ആസൂത്രണം, നിർവഹണം, വിലയിരുത്തൽ എന്നീ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനു വേണ്ട സഹായം നൽകുക എന്നതാണ് ആസൂത്രണ സമിതിയുടെ പ്രധാന ദൗത്യം. ആസൂത്രണ സമിതിയുടെ കാലാവധി ഭരണസമിതിയുടെ കാലാവധി ആയിരിക്കേണ്ടതാണ്. ആസൂത്രണ പ്രക്രിയ ആരംഭിക്കുന്നതിനു മുന്നോടിയായി ഓരോ വർഷവും ഡിസംബർ 1-നു മുമ്പ് നിലവിലുള്ള ആസൂത്രണ സമിതികൾ ആവശ്യമെങ്കിൽ പുനഃസംഘടിക്കേണ്ടതാണ്. 2020-21 ലെ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് 19.12.2019-ൽ ഒരു പ്രാവശ്യം യോഗം കൂടിയിട്ടുണ്ട്.

വർക്കിംഗ് ഗ്രൂപ്പുകൾ

തദ്ദേശ സ്ഥാപനത്തിൽ 13 വർക്കിംഗ് ഗ്രൂപ്പുകൾ പ്രവർത്തിക്കുന്നു. പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പുകൾ 24.01.2020-ൽ യോഗം ചേർന്നിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകളുടെ തീരുമാനങ്ങളിൽ പലതും പദ്ധതികളായി രൂപപ്പെട്ടിട്ടില്ല. വർക്കിംഗ് ഗ്രൂപ്പ് തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു.

1. കൃഷിയും അനുബന്ധ മേഖലയിലെയിലെ വർക്കിംഗ് ഗ്രൂപ്പിൽ ഉയർന്നു വന്ന ഏറെക്കുറെ എല്ലാ വിഷയങ്ങളും പ്രോജക്ടുകളായി രൂപപ്പെട്ടിട്ടുണ്ട്. എന്നാൽ രണ്ടു പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല. പ്രസ്തുത പദ്ധതികൾ സ്പിൽ ഓവറായി 2021-22 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

2. പ്രകൃതി സംരക്ഷണം.

ചെമ്പൂർ മാർക്കറ്റ് നവീകരണം.

പൊതുസ്ഥലങ്ങളിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിനെതിരെ നടപടി സ്വീകരിക്കണം.

പ്ലാസ്റ്റിക്ക് സഞ്ചികൾ നിരോധിക്കുന്നതിനും തുണി സഞ്ചി, പേപ്പർ ബാഗ് എന്നിവയുടെ നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് അഭിപ്രായങ്ങൾ ഉയർന്നു വന്നുവെങ്കിലും അവയൊന്നും പദ്ധതികളായി രൂപപ്പെട്ടില്ല.

3. പൊതുമരാമത്ത്.

വർക്കിംഗ് ഗ്രൂപ്പിൽ ഉയർന്നു വന്ന പ്രവൃത്തികൾക്ക് തുക വകയിരുത്തിയെങ്കിലും സ്പിൽ ഓവറായ ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല. മതിയായ ഫണ്ട് ലഭ്യമായിട്ടും പദ്ധതി നടപ്പിലാക്കാത്തത് പൊതുപണത്തിന്റെ നഷ്ടമായാണ് കാണുന്നത്.

| പ്രോജക്ട് നം | പദ്ധതിയുടെ പേര് | അടങ്കൽ തുക |
|---|---|---|
| 270/21 | പഞ്ചായത്ത് ഹാൾ പൂർത്തീകരണം | 500000 |
| 248/21 | അങ്കണവാടി മെയിന്റനൻസ് | 448000 |
| 263/21 | അരുവിക്കര ചുറ്റുമല കുക്കുറുണി റോഡ് സൈഡ് വാൾ കെട്ടൽ | 49000 |

4. ദാരിദ്ര്യലഘൂകരണം.

സ്വയം സഹായ സംഘത്തിനു സ്വയം തൊഴിലിനു സബ്സിഡി നൽകുക.

കുടുംബശ്രീ ഗ്രൂപ്പുകൾക്ക് തുണി സഞ്ചി നിർമ്മാണത്തിനു ധനസഹായം നൽകുക.

എന്നാൽ ഇത്തരത്തിൽ ദാരിദ്ര്യലഘൂകരണത്തിനും നിർമാർജ്ജനത്തിനും അനുയോജ്യമായ പദ്ധതികളൊന്നും ആസൂത്രണം ചെയ്തു നടപ്പിലാക്കിയിട്ടില്ല.

5. വിദ്യാഭ്യാസം , കല – കായികം.

വിദ്യാലയങ്ങളുടെ പരിസരപ്രദേശങ്ങളിലെ ലഹരി പദാർത്ഥങ്ങളുടെ വിൽപ്പനയും ഉപയോഗവും തടയുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു. എന്നാൽ അത്തരത്തിലുള്ള പരിപാടികളൊന്നും നടപ്പിലാക്കിയിട്ടില്ല.

പഞ്ചായത്ത് – സ്കൂൾ തലത്തിൽ സംയുക്തമായി ലഹരി വിരുദ്ധ ക്യാമ്പുകൾ നടത്തി ഭാവി തലമുറയെ ലഹരിയുടെ ഉപയോഗത്തിൽ നിന്നും പിന്തിരിപ്പിക്കേണ്ടതാണ്. സ്കൂൾ പി.റ്റി.എ-യുടെയും പോലീസ് വകുപ്പിന്റേയും സേവനം ഇക്കാര്യത്തിൽ ഉപയോഗിക്കാവുന്നതാണ്.

ഗ്രന്ഥശാലകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുതകുന്ന പദ്ധതികൾ, കേരളോത്സവം പോലുള്ള പരിപാടികൾ യുവജന സൗഹൃദമാക്കി പങ്കാളിത്തം കൂട്ടുന്നതിനുള്ള നടപടികൾ, പ്രീ-പ്രൈമറിയ്ക്ക് പാർക്കും അനുബന്ധ സൗകര്യങ്ങളും ഒരുക്കണം തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുവെങ്കിലും അത്തരത്തിലുള്ള പദ്ധതികളൊന്നും നടപ്പിലാക്കി കാണുന്നില്ല.

6. ചെറുകിട വ്യവസായം.

പേപ്പർ ബാഗ്, തുണി സഞ്ചി, കരകൗശല നിർമ്മാണം, കുട നിർമ്മാണം, ഈറ ഉപയോഗിച്ചുള്ള ചെറുകിട വ്യവ്യസായം, കാറ്ററിംഗ്, ചക്ക്-വാഴക്ക ഉപയോഗിച്ച് വറ്റൽ എന്നീ നിർമ്മാണ യൂണിറ്റുകൾ നടപ്പിലാക്കുന്നതിനായി അഭിപ്രായങ്ങൾ വന്നുവെങ്കിലും ചെറുകിട വ്യവസായത്തിനു ഊന്നൽ നൽകുന്ന യാതൊരു പദ്ധതിയും നടപ്പിലാക്കിയിട്ടില്ല.

ഗ്രാമീണ മേഖലയായ ആര്യങ്കോട് പഞ്ചായത്തിനു ഏറ്റവും അനുയോജ്യമായ ചെറുകിട വ്യവസായത്തിനെ വളർത്തുന്ന പദ്ധതികൾ ഭാവിയിൽ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്.

7. പട്ടികജാതി വികസനം.

പട്ടികജാതിക്കാരായ യുവതി യുവാക്കൾക്ക് തൊഴിൽ അവസരം ലഭിക്കുന്നതിനായി ഓട്ടോ റിക്ഷാ വാങ്ങുന്നതിനും ചെറുകിട തൊഴിൽ ചെയ്യുന്നതിനും ധനസഹായം നൽകണമെന്ന ആവശ്യം പദ്ധതിയായി രൂപാന്തരം പ്രാപിച്ചില്ല.

8. കുടിവെള്ളം ശുചിത്വം.

കുടിവെള്ളം നിലനിർത്തുന്നതിനായി ബണ്ടുകൾ നിർമ്മിക്കുക, ആറ്റിലും തോട്ടിലും തടയണകളും നിർമ്മിക്കുക, പൊതു കിണറുകൾ വൃത്തിയാക്കുക എന്നീ ആശയങ്ങൾ വന്നുവെങ്കിലും ആയതൊന്നും പദ്ധതിയായി നടപ്പിലാക്കി കാണുന്നില്ല.

9. വനിതാ വികസനം.

വനിതകൾക്ക് പുതിയ തൊഴിൽ സംരംഭങ്ങൾക്കുള്ള പരിശീലനം കൊടുക്കുന്നതിനോടൊപ്പം പുതിയ തൊഴിൽ സാദ്ധ്യതകളും നടപ്പാക്കുക, സ്ത്രീകൾക്കും കുട്ടികൾക്കും കലാകായിക മത്സരങ്ങൾ നടപ്പാക്കുക, ക്യാൻസർ പോലുള്ള മാരക രോഗങ്ങൾക്കുള്ള ക്യാമ്പ് 6 മാസത്തിലൊരിക്കൽ നടപ്പിലാക്കുക, കൗമാരക്കാരായ കുട്ടികൾക്ക് ബോധവൽക്കരണ ക്ലാസുകൾ പഞ്ചായത്ത് തലത്തിൽ നടപ്പിലാക്കുക എന്നീ ആവശ്യങ്ങൾ ഉയർന്നു വന്നുവെങ്കിലും അത്തരത്തിൽ പദ്ധതികളൊന്നും ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടില്ല.

10. ആരോഗ്യം

പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറയ്ക്കുന്നതിനായി മരുന്നുകൾ സൂക്ഷിക്കുവാൻ സ്റ്റീൽ പാത്രങ്ങൾ വാങ്ങുന്നതിനായി പദ്ധതി വെയ്ക്കണമെന്ന് ആയുർവേദ വിഭാഗം ആവശ്യപ്പെട്ടിട്ടുണ്ട്.

ഓടകളിലെ മാലിന്യം നീക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കണം എന്നീ ആവശ്യങ്ങൾ ഉയർന്നു വന്നുവെങ്കിലും അത്തരത്തിൽ പദ്ധതികളൊന്നും ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടില്ല.

മോണിറ്ററിംഗ്

പദ്ധതി രൂപീകരണ മാർഗരേഖ ഖണ്ഡിക 13 പ്രകാരം അതാത് വർക്കിംഗ് ഗ്രൂപ്പുകൾ ഓരോ പ്രോജക്ടിന്റെയും മോണിറ്ററിംഗ് നിർവഹിക്കേണ്ടതിനെക്കുറിച്ച് വ്യക്തമാക്കുന്നു. പദ്ധതി പൂർത്തീകരണത്തിനു ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കണം. മോണിറ്ററിംഗ് കമ്മിറ്റികൾ യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണെന്നും വ്യക്തമാക്കുന്നു. എന്നാൽ ഇത്തരത്തിൽ മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിച്ചതായി കാണുന്നില്ല. മോണിറ്ററിംഗ് കമ്മിറ്റികൾ കൂടുതൽ ഉത്തരവാദിത്തത്തോടു കൂടി പ്രവർത്തിക്കേണ്ടതാണ്.

2020-21 സാമ്പത്തിക വർഷത്തിൽ നിർവഹണോദ്യോഗസ്ഥർ നിർവഹിച്ച പദ്ധതികളുടെ പട്ടിക.

| നിർവഹണോദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പദ്ധതികൾ | നടപ്പിലാക്കിയ പദ്ധതികൾ | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| കൃഷി | 12 | 10 | 3008760 | 1102280 | 36.63% |
| വെറ്ററിനറി സർജ്ജൻ | 8 | 7 | 5340250 | 2420863 | 45.33% |
| മെഡിക്കൽ ഓഫീസർ (അലോപ്പതി) | 11 | 10 | 3675110 | 3449936 | 93.87% |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 3 | 3 | 1150000 | 1150000 | 100% |
| ഫിഷറീസ് | 3 | 3 | 3769000 | 218838 | 5.8% |
| വി.ഇ.ഒ | 13 | 12 | 42958551 | 9684352 | 22.54% |
| ഐ.സി.ഡി.എസ് | 14 | 11 | 4590542 | 3682756 | 80.22% |
| സെക്രട്ടറി | 31 | 28 | 16368384 | 13643979 | 83.35% |
| ഹെഡ് മാസ്റ്റർ | 3 | 2 | 350554 | 241144 | 68.78% |
| അസി.എഞ്ചിനീയർ | 137 | 112 | 45631186 | 28301235 | 62.02% |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 4 | 4 | 4592800 | 4292800 | 93.46% |
| അസി.സെക്രട്ടറി | 13 | 10 | 4003365 | 2305639 | 57.59% |

ആകെ അടങ്കൽ : 135438502/-

ആകെ ചെലവ്: 70493822/-

ചെലവ് ശതമാനം : 52%

തനതു ഫണ്ട് പദ്ധതി ചെലവ് ശതമാനം

ആകെ അടങ്കൽ : 1066976/-

ആകെ ചെലവ്: 219435/-

ചെലവ് ശതമാനം : 20.56%

പദ്ധതികൾ രൂപീകരിക്കുമ്പോൾ വർക്കിംഗ് ഗ്രൂപ്പുകളുടെ അഭിപ്രായം കണക്കിലെടുക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ പദ്ധതികൾക്ക് ഫണ്ടുകൾ വകയിരുത്തി ചെലവഴിക്കുന്നതിൽ പഞ്ചായത്ത് പിന്നാക്കം നിൽക്കുകയാണ്. ഭാവിയിൽ ആവശ്യാനുസരണമുള്ള പദ്ധതികൾക്ക് വകയിരുത്തിയ തുകകൾ പരമാവധി ചെലവഴിക്കുവാൻ ഭരണസമിതിയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതിയായി പദ്ധതികൾ യഥാവിധി നടത്തിയിട്ടുണ്ടെയെന്നും പരിശോധിക്കേണ്ടതാണ്.

## 1-5 ക്ഷേമ പദ്ധതികൾ

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 3600 | 05 |
| കർഷക തൊഴിലാളി പെൻഷൻ | 10192300 | 693 |
| വിധവ പെൻഷൻ | 19783400 | 1324 |
| വാർദ്ധക്യകാല പെൻഷൻ | 30637000 | 2365 |
| വികലാംഗ പെൻഷൻ | 6764000 | 450 |

| | | |
|---|---|---|
| വിവാഹ ധന സഹായം | 60000 | 02 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 478800 | 34 |

## 1-6 പണം നീക്കിയിരിപ്പ് പരിശോധന.

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.06.2022 തീയതി ഉച്ചയ്ക്കുശേഷം 02.43 മണിക്ക് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5830/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-7 ആഭ്യന്തര നിയന്ത്രണം.

പൊതുജനങ്ങൾക്ക് സൗകര്യപ്രദമായ രീതിയിൽ സേവനം ലഭ്യമാക്കുന്നതിന് സ്ഥാപനത്തിന്റെ ഫ്രണ്ട് ഓഫീസ് സംവിധാനം സജ്ജമാക്കിയിട്ടുണ്ട്.

ഓഫീസ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് ഓഫീസ് ഓർഡർ മുഖാന്തിരം ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകിയിട്ടുണ്ടെങ്കിലും ആയത് വിലയിരുത്തുന്നതിന് മാസം തോറും യോഗം ചേർന്നതിന്റെ മിനിറ്റ്സ് സൂക്ഷിക്കുന്നില്ല.

സ്ഥാപനത്തിന്റെ വരവ് വർദ്ധിപ്പിക്കുന്നതിന് ഓഡിറ്റ് ചൂണ്ടികാണിച്ചിട്ടുള്ള വസ്തുതകൾ പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കാവുന്നതാണ്. വസ്തു നികുതി നിർണ്ണയത്തിലെ അപാകതകൾ മൂലം പ്രസ്തുത ഇനത്തിലെ വരവ് നഷ്ടപ്പെടുന്ന സാഹചര്യം നിലനിൽക്കുന്നു. ലൈസൻസ് എടുക്കാതെ റേഷൻ കടകൾ മറ്റ് വാണിജ്യ വ്യാപാര സ്ഥാപനങ്ങൾ എന്നിവ പ്രവർത്തിച്ച് വരുന്നു.

വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് വർക്കിന് സെന്റേജ് ചാർജ്ജ് ഒടുക്കേണ്ടതില്ല എന്ന നിർദേശം നിലനിൽക്കേ ആയത് ഉൾപ്പെടുത്തി തുക ഒടുക്കി.

ഗുണമേൻമ സർട്ടിഫിക്കറ്റ് ഇല്ലാതെയും വൈദ്യുത ബോർഡ് അധികാരികളുടെ സാക്ഷ്യപത്രം ഇല്ലാതെയും തെരുവ് പരിപാലന പദ്ധതികൾക്ക് വികസന ഫണ്ട് ചെലവഴിച്ചു.

വ്യക്തിഗത ആനുകൂല്യങ്ങൾ അനുവദിച്ച പദ്ധതികളുടെ ഗുണഭോക്തൃലിസ്റ്റ് ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകരിച്ചിട്ടില്ല.

വിവിധ പദ്ധതികളുടെ മോണിറ്ററിംഗ് റിപ്പോർട്ട്, ചെലവ് രേഖകൾ, ധനവിനിയോഗ രേഖകൾ എന്നിവ കൃത്യമായി സൂക്ഷിക്കുന്നില്ല.

സർവ്വീസ് ഫാമിലി പെൻഷൻകാർക്കും, മരണമടഞ്ഞ ഗുണഭോക്താക്കൾക്കും സാമൂഹ്യ സുരക്ഷ പെൻഷൻ നൽകിയതിനാൽ സർക്കാർ ഫണ്ടിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ഭരണസമിതി, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവ ഫലപ്രദമായി ഇടപെടണം.

സമൂഹത്തിൽ അവശത അനുഭവിക്കുന്നവരും അശരണരുമായവരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനുമുള്ള സാഹചര്യം സൃഷ്ടിച്ച് മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിനുള്ള പദ്ധതികൾക്ക് ആവശ്യമായ തുക വകയിരുത്തുന്നില്ല.

മാലിന്യ സംസ്കരണ പദ്ധതികൾ കൂടുതൽ മെച്ചപ്പെട്ട നിലയിൽ നടപ്പാക്കേണ്ടതുണ്ട്.

ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കുന്ന പ്രവൃത്തികളിൽ സർക്കാർ നിർദേശങ്ങൾ പാലിക്കപ്പെടുന്നില്ല.
മേൽ അപാകങ്ങൾ ശ്രദ്ധാപൂർവ്വം വിലയിരുത്തി പരിഹരിക്കേണ്ടതുണ്ട്.

## 1-8 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (RP40A) | വരവ് (RP30) | ആകെ | ചെലവ് (RP21) | നീക്കിയിരിപ്പ് | RP 40 (B) പ്രകാരമുള്ള നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ഭരണചെലവ് | 431098 | 2166084 | 2597182 | 1771259 | 825923 | 361589 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 87806280 | 87806280 | 87806280 | 0 | - |
| ആകെ | 431098 | 89972364 | 90403462 | 89577539 | 825923 | 361589 |

AFS പ്രകാരമുള്ള മുന്നിരിപ്പ്, വരവ്, ചെലവ് എന്നിവ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല. EFMS തുക I 6 (90041893) I 14 (C) (89577539)-മായി പൊരുത്തപ്പെടുന്നില്ല. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 26.05.2022 | 8/2021 മുതൽ 03/2022 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 19.11.2018 | 2013-14 മുതൽ 2017-18 വരെ | 17.03.2021 |

## 1-10 രസീതുകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ.

കേരള ഫിനാൻഷ്യൽ കോഡിലെ (വാല്യം 1 ) പ്രകാരം രസീതുകളുടെ ക്യാൻസലേഷൻ മതിയായ അനുമതിയോടെയാണെന്നും ക്യാൻസലേഷൻ റിപ്പോർട്ട് പ്രകാരമുള്ള എല്ലാ രസീതുകളും സൂക്ഷിച്ചിട്ടുണ്ടെന്നും ഉറപ്പാക്കേണ്ടതാണ്. രസീതുകളിൽ സെക്രട്ടറിയുടെ ഒപ്പ് ഉണ്ടാകേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിലെ മാന്വൽ രസീതുകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന ക്യാൻസൽ ചെയ്ത രസീതുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

| രസീത് ബുക്ക് നം | പേജ് നം |
|---|---|
| 3572 | 60, 81, 82, 84, 85, 92 |
| 3574 | 53, 27 |
| 3569 | 9, 20 |
| 3579 | 4, 5 |

ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം.23/2022 (1)-ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഭാവിയിൽ ഇത്തരത്തിൽ അപാകത വരാതിരിക്കുവാൻ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

## 1-11 വസ്തു നികുതി -അപാകങ്ങൾ.

മിസ്സിംഗ് ഡോർ നമ്പരുകൾ വളരെയധികമായി രേഖപ്പെടുത്തിയിരിക്കുന്നു.

സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിൽ Missing Door Number List വളരെയധികമായി കാണുന്നു. വാർഡടിസ്ഥാനത്തിലുള്ള വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡിന്റെ പേര് | Missing Door Number Total |
|---|---|---|
| 1 | കീഴാറൂർ | 200328 |
| 2 | ആര്യങ്കോട് | 132 |
| 3 | വെള്ളാങ്ങൽ | 99 |
| 4 | ഇടവാൽ | 75824 |
| 5 | കളിയൽ | 127 |
| 6 | ചിലമ്പറ | 34757 |
| 7 | മഞ്ചംക്കോട് | 99 |
| 8 | ചെമ്പൂര് | 77 |
| 9 | കരക്കോട്ടുകുഴി | 537 |
| 10 | മണ്ണാംക്കോണം | 80 |
| 11 | തുടലി | 211 |
| 12 | മുക്കോലവിള | 2509 |
| 13 | മൈലച്ചൽ | 4534 |
| 14 | കുറ്റിയാണിക്കാട് | 112 |

| | | |
|---|---|---|
| 15 | കവലൂർ | 2679 |
| 16 | പശുവണ്ണറ | 145 |
| | ആകെ | 3,22,250/- |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.32/2022-ന മറുപടി ലഭ്യമാക്കിയിട്ടില്ല.

വാർഡടിസ്ഥാനത്തിൽ മിസ്സിംഗ് നമ്പറുകളുടെ വിവരം ശേഖരിച്ച് റിപ്പോർട്ടാക്കി സഞ്ചയയിൽ മാറ്റം വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 രജിസ്റ്ററുകളുടെ പരിപാലനം തൃപ്തികരമല്ല.

സ്ഥാപനം വിവിധതരം രജിസ്റ്ററുകൾ തയ്യാറാക്കിയിട്ടുണ്ടെങ്കിലും ആയത് യഥാവിധി പരിപാലിച്ചിട്ടില്ല.

ഡെപ്പോസിറ്റ് രജിസ്റ്ററിൽ സംക്ഷിപ്തങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയതിന്റെ വരവിന്റെയും ചെലവിന്റെയും വ്യക്തമായ വിവരം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ഡി &ഒ, ലേലം, വാടക എന്നീ രജിസ്റ്ററുകൾ വരവിന്റെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയതു വ്യക്തത വരുത്തി സംക്ഷിപ്തം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

അഡ്വാൻസ് രജിസ്റ്റർ പരിപാലിച്ചിട്ടില്ല.

മേൽ പരാമർശിച്ചിരിക്കുന്ന രജിസ്റ്ററുകളിൽ തുകകൾ രേഖപ്പെടുത്തിയത് ക്രമപ്രകാരമാണോയെന്ന് പരിശോധിക്കുകയും അവ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.

## 1-13 മൊബൈൽ ടവറുകളുടെ വസ്തുനികുതി പിരിച്ചെടുക്കുന്നില്ല.

പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി പിരിച്ചെടുക്കുവാൻ സാധിച്ചിട്ടില്ല. 2020-21 സാമ്പത്തിക വർഷം വരെയുള്ള മൊബൈൽ ടവറിന്റെ വസ്തുനികുതി കുടിശ്ശിക 5250/-രൂപയാണ്. ടവർ പ്രവർത്തിക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി ചട്ടങ്ങൾ പ്രകാരം കണക്കാക്കിയ തുകയാണ് മൊബൈൽ ടവർ കമ്പനികൾ നികുതിയായി പഞ്ചായത്തിൽ ഒടുക്കേണ്ടത്. വിശദവിവരം ചുവടെ ചേർക്കുന്നു.

| മൊബൈൽ ടവറിന്റെ പേരും മേൽവിലാസവും | വാർഡ് നമ്പർ | കെട്ടിട നമ്പർ | നിർണ്ണയിച്ച വാർഷിക വസ്തുനികുതി നിരക്ക് | കുടിശ്ശിക തുക | കുടിശ്ശിക കാലയളവ് |
|---|---|---|---|---|---|
| ഡിഷ്നെറ്റ് വയർലെസ് ലിമിറ്റഡ് | 14 | 14/524 | 5250 | 5250 | 2019-20 മുതൽ 2020-21 വരെ |

ഇതു സംബന്ധിച്ച് 10.06.2022-ൽ നൽകിയ 06-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്കു ലഭ്യമാക്കിയ മറുപടിയിൽ കുടിശ്ശിക ഈടാക്കുന്നതിനുള്ള റവന്യൂ റിക്കവറി നടപടികൾ 2021-22 സാമ്പത്തിക വർഷത്തിൽ ആരംഭിച്ചതായി വ്യക്തമാക്കിയിട്ടുണ്ട്. മൊബൈൽ ടവറുകളുടെ വസ്തുനികുതി ഇനത്തിൽ ലഭിക്കേണ്ട നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്തു നിന്നും സത്വര നടപടികൾ ഉണ്ടാകേണ്ടതാണ്.

## 1-14 ലൈസൻസ് നൽകൽ കാര്യക്ഷമമല്ല.

ലൈസൻസ് രജിസ്റ്റർ പ്രകാരം ആകെ 176 സ്ഥാപനങ്ങൾ/കടകൾ മാത്രമാണ് 2020-21 സാമ്പത്തിക വർഷത്തേയ്ക്ക് ലൈസൻസ് എടുത്തിട്ടുള്ളത്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയറിലെ കണക്കുകളനുസരിച്ച് 16 വാർഡുകളിലായി 1645 വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ നിലവിലുണ്ട്. കേരള പഞ്ചായത്ത്‌രാജ് നിയമം, വകുപ്പ് 232, 233 പ്രകാരവും 1996-ലെ കേരള പഞ്ചായത്ത്‌രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 5 പ്രകാരവും ഏതൊരു വ്യാപാരസ്ഥാപനവും ആരംഭിക്കുന്നതിനു മുമ്പ് ലൈസൻസിനായി അപേക്ഷിക്കേണ്ടതും ചട്ടം 10 പ്രകാരം ലൈസൻസ് ഓരോ വർഷവും പുതുക്കേണ്ടതുമാണ്.

ലൈസൻസ് ഫീസ് ഇനത്തിൽ സമാഹരിക്കുന്ന തുക തനതു ഫണ്ടിലേയ്ക്കുള്ള പ്രധാന വരുമാന സ്രോതസ്സായതിനാലും ലൈസൻസ് നൽകുകയെന്നത് പഞ്ചായത്തിന്റെ അനിവാര്യ ചുമതലയായതിനാലും കൂടാതെ ഈ ഗണത്തിൽപ്പെട്ട

സ്ഥാപനങ്ങൾ പൊതുജനങ്ങളുടെ ജീവനേയും സ്വത്തിനേയും നേരിട്ടു ബാധിക്കുന്നവയായതിനാലും ഇക്കാര്യത്തിൽ ഭരണസമിതിയുടെയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും അടിയന്തര ശ്രദ്ധ പതിയേണ്ടതാണ്.

ഇതു സംബന്ധിച്ച് 10.06.2022-ൽ 05-ാം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ മിക്ക കെട്ടിടങ്ങളിലും വ്യാപാരം നടത്തുന്നില്ലെന്നും കോവിഡ് വ്യാപനം കാരണം വ്യാപാരം നടത്തുന്ന കെട്ടിടങ്ങൾ അടഞ്ഞു കിടക്കുകയായിരുന്നുവെന്നും വ്യക്തമാക്കിയിട്ടുണ്ട്.

## 1-15 കല്യാണ മണ്ഡപങ്ങൾക്ക് ലൈസൻസ് നൽകിയിട്ടില്ല.

കല്യാണമണ്ഡപങ്ങൾ, ഹാളുകൾ, സ്വകാര്യ ആഡിറ്റോറിയങ്ങൾ എന്നിവയിൽ നിന്നും 2020-21 സാമ്പത്തിക വർഷം ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല. ഇത് തനതുവരുമാന നഷ്ടത്തിനു കാരണമാകുന്നു. കേരള പഞ്ചായത്ത്‌രാജ് ആക്ട്, സെക്ഷൻ 232(1) ൽ " ലൈസൻസ് കൂടാതെ ഏതാവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കാൻ പാടില്ലെന്നും മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടകരമോ അസഹ്യതയുണ്ടാക്കുന്നതോ ആയേക്കാനിടയുള്ളവയുമായ ഏതെങ്കിലും കാര്യങ്ങൾക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെയും ആ ലൈസൻസിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്കനുസരണമല്ലാതെയും പഞ്ചായത്ത് പ്രദേശത്തുള്ള യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലെന്നും നിഷ്കർഷിച്ചിട്ടുണ്ട്". ഇതിന്റെ അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ രീതിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് വേണമെന്ന് വ്യക്തമാണ്. 1996-ലെ കേരള പഞ്ചായത്ത്‌രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം.3, പട്ടിക-I, ക്രമ നം. 33 പ്രകാരം ഭക്ഷ്യവസ്തുക്കൾ കൈകാര്യം ചെയ്യുന്ന കല്യാണമണ്ഡപങ്ങൾക്ക് ലൈസൻസ് അനിവാര്യമാണ്. ഇത്തരത്തിൽ 2020-2021 സാമ്പത്തിക വർഷം ലൈസൻസ് ഇല്ലാതെ പ്രവർത്തിച്ച സ്ഥാപനങ്ങളുടെ പേര് ചുവടെ ചേർക്കുന്നു. ഈ സ്ഥാപനങ്ങളിൽ നിന്നും 2020-2021 സാമ്പത്തിക വർഷത്തെ സ്ഥാപന നികുതിയും ഈടാക്കിയിട്ടില്ല.

1. ബഥേൽ ഓഡിറ്റോറിയം, കരിക്കോട്ടുകുഴി

2. മണ്ഡപത്തറ ശ്രീ ഭദ്രകാളി ക്ഷേത്രം ഓഡിറ്റോറിയം, മൈലച്ചൽ

ഇതു സംബന്ധിച്ച് 10.06.2022-ൽ 05-ാം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്കു ലഭ്യമാക്കിയ മറുപടിയിൽ കോവിഡ് കാരണം ഇത്തരം സ്ഥാപനങ്ങൾ അടഞ്ഞു കിടക്കുകയായിരുന്നുവെന്നു വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ വിവാഹ രജിസ്ട്രേഷൻ സംബന്ധിച്ച രേഖകളുടെ പരിശോധനയിൽ 2020-21 സാമ്പത്തിക വർഷം പ്രസ്തുത സ്ഥാപനങ്ങളിൽ വെച്ച് വിവാഹം നടന്നതായി കണ്ടെത്തിയിട്ടുണ്ട്. ആയതിനാൽ ലൈസൻസ് ഫീസും സ്ഥാപന നികുതിയും അടിയന്തരമായി പിരിച്ചെടുത്ത് തനതു ഫണ്ടിൽ മുതൽക്കൂട്ടേണ്ടതാണ്.

## 1-16 മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല.

1996-ലെ കേരള പഞ്ചായത്ത്‌രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 07, പട്ടിക II (31.10.2017 ലെ ഭേദഗതി ചട്ടങ്ങൾ പ്രകാരം പുതുക്കിയത്) നിഷ്കർഷിക്കും പ്രകാരം വ്യാപാര സ്ഥാപനങ്ങളെ മേഖലാടിസ്ഥാനത്തിൽ തരംതിരിച്ച് അവയുടെ മൂലധന നിക്ഷേപത്തിനനുസൃതമായി വാർഷിക ലൈസൻസ് ഫീ നിശ്ചയിക്കുകയോ ആയത് പിരിച്ചെടുക്കുകയോ ചെയ്തിട്ടില്ല. ഫാക്ടറി വ്യാപാര ലൈസൻസ് എടുക്കുന്നതിനുവേണ്ടി സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ വിറ്റുവരവ്, മൂലധന ചെലവ് എന്നീ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ഈ സാഹചര്യത്തിൽ ഏതു മാനദണ്ഡ പ്രകാരമാണ് ലൈസൻസ് ഫീസ് ഈടാക്കിയതെന്ന് വ്യക്തമല്ല.

ഇതു സംബന്ധിച്ച് 10.06.2022-ൽ 05-ാം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഈ വർഷം മുതൽ എല്ലാ സ്ഥാപനങ്ങളിൽ നിന്നും മൂലധന നിക്ഷേപം രേഖപ്പെടുത്തി വാങ്ങുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. ലൈസൻസ് ഫീ ഈടാക്കുന്നതിൽ കൃത്യത ഉറപ്പാക്കുന്നതിനും മാനദണ്ഡങ്ങൾ പാലിക്കുന്നതിനും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഈ ഇനത്തിൽ തനത് ഫണ്ടിന് നഷ്ടം ഉണ്ടാകുന്നതാണ്.

## 1-17 സ്വകാര്യ ആശുപത്രി/പാരാമെഡിക്കൽ സ്ഥാപനങ്ങളിൽ നിന്നും രജിസ്ട്രേഷൻ ഫീസും ലൈസൻസ് ഫീസും ഈടാക്കിയിട്ടില്ല.

2020-2021 സാമ്പത്തിക വർഷം സ്വകാര്യ ആശുപത്രി/പാരാമെഡിക്കൽ സ്ഥാപനങ്ങളിൽ നിന്നും രജിസ്ട്രേഷൻ ഫീസും ലൈസൻസ് ഫീസും ഈടാക്കിയിട്ടില്ലാത്തതിനാൽ തനതുഫണ്ടിന് വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്. സി എസ് ആർ ഹോമിയോ ക്ലിനിക് ഒറ്റശേഖരമംഗലം, സ്നേഹ നഴ്സിംഗ് ഹോം ചെമ്പൂര്, പൂമുഖം മൾട്ടി ഡെന്റൽ ഹോസ്പിറ്റൽ എന്നീ സ്ഥാപനങ്ങളാണ് ഇത്തരത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്.

1997-ലെ കേരള പഞ്ചായത്ത്‌രാജ് (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും

രജിസ്ട്രേഷൻ) ചട്ടങ്ങളിലെ ചട്ടം 3(1) പ്രകാരം ഒരു പഞ്ചായത്തിന്റെ അതിർത്തിക്കുള്ളിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ഏതൊരു സ്വകാര്യ ആശുപത്രിയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനവും സ്ഥാപിക്കുവാൻ പാടുള്ളതല്ലെന്നും ചട്ടം 5(1) പ്രകാരം ഒരു ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രിയുടേയോ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനത്തിന്റേയോ രജിസ്ട്രേഷൻ അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതിനു മുമ്പായി പുതുക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

ഇതു സംബന്ധിച്ച് 10.06.2022-ൽ 05-ാം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് കോവിഡ് രൂക്ഷമായ സാഹചര്യത്തിൽ പാരാമെഡിക്കൽ സെന്ററുകളിലും സ്വകാര്യ ആശുപത്രികളിലും ആളുകൾ പോകാത്ത സാഹചര്യമായിരുന്നുവെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-18 തൊഴിൽ നികുതി ആവശ്യപ്പെട്ടുകൊണ്ടുള്ള ഡിമാന്റ് നോട്ടീസ് നൽകിയിട്ടില്ല.

വിവിധ വാർഡുകളിലെ വ്യാപാരികൾക്ക് 2020-2021 സാമ്പത്തിക വർഷത്തെ (രണ്ട് അർദ്ധവർഷത്തെയും) തൊഴിൽ നികുതി ആവശ്യപ്പെട്ടുകൊണ്ട് നൽകിയ നിർദ്ദിഷ്ട രീതിയിലുള്ള ഡിമാന്റ് നോട്ടീസിന്റെ/ബില്ലിന്റെ ഡ്യൂപ്ലിക്കേറ്റ് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. 10.06.2022-ൽ 08-ാം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറി പ്രകാരം ആയത് ഹാജരാക്കുവാൻ ആവശ്യപ്പെട്ടെങ്കിലും തുടർന്നുള്ള സാമ്പത്തിക വർഷങ്ങളിൽ ഡിമാന്റ് നോട്ടീസ് നൽകുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയതിനാൽ വ്യാപാരസ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ആവശ്യപ്പെട്ടുകൊണ്ട് ഡിമാന്റ് നോട്ടീസ് നൽകിയിട്ടില്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഡിമാന്റ് നോട്ടീസ്/ബില്ലിന്റെ ഡ്യൂപ്ലിക്കേറ്റിൽ കൈപ്പറ്റിയ വ്യക്തിയുടെ ഒപ്പും തീയതിയും നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്.

1996-ലെ കേരള പഞ്ചായത്ത്രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം. 10(1) പ്രകാരം തൊഴിൽ നികുതി ഈടാക്കാവുന്ന വരുമാനം/ടേൺ ഓവർ കാണിക്കുന്ന റിട്ടേൺ സമർപ്പിക്കുവാൻ വ്യക്തികൾ/വ്യാപാരികൾ /കമ്പനികൾക്ക് നോട്ടീസ് നൽകേണ്ടതാണ്. ചട്ടം. 18(1) പ്രകാരം തൊഴിൽ നികുതിയായി നിശ്ചയിക്കപ്പെട്ട തുക ഡിമാന്റ് ചെയ്യേണ്ടതാണ്. തൊഴിൽ നികുതി ചട്ടങ്ങൾ നിഷ്കർഷിക്കും പ്രകാരമുള്ള ഡിമാന്റ് ചെയ്യലിന്റെ അഭാവം നിമിത്തം നികുതി വരുമാനം ലഭിക്കാത്തതോ കുറയുന്നതോ കാലഹരണപ്പെടുന്നതോ ആയ സ്ഥിതിവിശേഷം സംജാതമായാൽ അത്തരത്തിലുണ്ടാകുന്ന വരുമാന നഷ്ടങ്ങളുടെ ബാദ്ധ്യത ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിക്ഷിപ്തമായിരിക്കും.

## 1-19 സ്ഥാപന നികുതി പിരിച്ചെടുത്തിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ 2020-2021 സാമ്പത്തിക വർഷത്തെ വരവ് സംബന്ധമായ രേഖകളുടെയും തൊഴിൽ നികുതി രജിസ്റ്ററിന്റെയും പരിശോധനയിൽ ചില ബാങ്കിംഗ്/ധനകാര്യ സ്ഥാപനങ്ങൾ, കമ്പനീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾ, വ്യാപാര സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും തൻവർഷത്തെ (രണ്ട് അർദ്ധവർഷത്തെയും) സ്ഥാപന നികുതി ഈടാക്കിയിട്ടില്ല. സ്ഥാപനങ്ങളുടെ പേര് ചുവടെ ചേർക്കുന്നു.

1. ആദാം ഫൈനാൻസ്, ആര്യൻകോട്
2. ആദാം ഫൈനാൻസ്, ഒറ്റശേഖരമംഗലം
3. കാട്ടാക്കട പ്രൈമറി കോ-ഓപ്പറേറ്റീവ് അഗ്രിക്കൾച്ചറൽ & റൂറൽ ഡെവലപ്മെന്റ് ബാങ്ക് ലിമിറ്റഡ് നം. റ്റി. 2037
4. നെയ്യാറ്റിൻകര മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നം. റ്റി. 730
5. ക്ഷീരോല്പാദക സഹകരണ സംഘം, ചെമ്പൂര്
6. ക്ഷീരോല്പാദക സഹകരണ സംഘം, മണ്ണാംകോണം
7. അമൃതം ഫൈനാൻസ്, ഒറ്റശേഖരമംഗലം
8. അനന്തു ഏജൻസീസ്, ഒറ്റശേഖരമംഗലം
9. ബഥേൽ ഓഡിറ്റോറിയം, കരിക്കോട്ടുകുഴി
10. മണ്ഡപത്തറ ശ്രീഭദ്രകാളി ക്ഷേത്രം ഓഡിറ്റോറിയം, മൈലച്ചൽ

ഇതു സംബന്ധിച്ച് 10.06.2022 തീയതിയിൽ 08-ാം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്കു ലഭ്യമാക്കിയ മറുപടിയിൽ മേൽ പ്രസ്താവിച്ച സ്ഥാപനങ്ങൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നവയാണെന്നും മുടക്കം വരുത്തിയ സ്ഥാപന നികുതി/തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ ഉടൻ തന്നെ സ്വീകരിക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. സ്ഥാപന നികുതി പിഴപ്പലിശ സഹിതം ഈടാക്കി തനതുഫണ്ടിൽ മുതൽക്കൂട്ടുന്നതിനുള്ള ഊർജ്ജിത നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 1-20 തൊഴിൽ നികുതിയും സ്ഥാപന നികുതിയും ഈടാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ 2020-2021 സാമ്പത്തിക വർഷത്തെ വരവ് സംബന്ധമായ രേഖകളുടെ പരിശോധനയിൽ ചില ബാങ്കിംഗ്/ധനകാര്യ സ്ഥാപനങ്ങൾ, കമ്പനീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾ, വ്യാപാര സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും തൻവർഷത്തെ (രണ്ട് അർദ്ധവർഷത്തെയും) സ്ഥാപന നികുതിയും ജീവനക്കാരിൽ നിന്നുള്ള തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല. ഇത്തരം സ്ഥാപനങ്ങളുടെ പേര് ചുവടെ ചേർക്കുന്നു.

1. കാർഷിക സംരക്ഷണ ഗ്രാമവികസന സഹകരണ സംഘം, ക്ലിപ്തം നം. T 2029, ഒറ്റശേഖരമംഗലം

2. ഗ്രാമശ്രീ കാർഷിക ഉല്പന്ന വിപണന കേന്ദ്രം, ഒറ്റശേഖരമംഗലം

3. സി എസ് ആർ ഹോമിയോ ക്ലിനിക്, ഒറ്റശേഖരമംഗലം

4. ഒറ്റശേഖരമംഗലം ഫാർമേഴ്സ് വെൽഫെയർ സഹകരണ സംഘം

5. ശ്രീകൃഷ്ണ മോട്ടോഴ്സ്, ഒറ്റശേഖരമംഗലം

6. കുഴിയാറ്റിൽ ആയുർവ്വേദിക് ക്ലിനിക്

7. സ്നേഹ നഴ്സിംഗ് ഹോം, ചെമ്പൂര്

8. പൂമുഖം മൾട്ടി ഡെന്റൽ ഹോസ്പിറ്റൽ

9. സി. എസ്. ആർ ഹോമിയോ ക്ലിനിക്, ഒറ്റശേഖരമംഗലം

തൊഴിൽ നികുതിയും സ്ഥാപന നികുതിയും ഒടുക്കുന്നതിന് വീഴ്ച വരുത്തിയ സ്ഥാപനങ്ങളുടെ മേൽ കേരള പഞ്ചായത്ത്രാജ് ആക്ട് സെക്ഷൻ 204, 205 എന്നിവയും 1996-ലെ കേരള പഞ്ചായത്ത്രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം. 3, 13 എന്നിവയും നിഷ്കർഷിക്കും പ്രകാരമുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

ഇത് സംബന്ധിച്ച് 10.06.2022-ൽ 08-ാം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക ലഭ്യമാക്കിയ മറുപടിയിൽ അടുത്ത സാമ്പത്തിക വർഷം മുതൽ തൊഴിൽ നികുതി, സ്ഥാപന നികുതി എന്നിവ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ പ്രസ്തുത നികുതികൾ പിഴപ്പലിശ സഹിതം ഈടാക്കി തനതുഫണ്ടിൽ മുതൽക്കൂട്ടുന്നതിനുള്ള ഊർജ്ജിത നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 1-21 ജീവനക്കാരുടെ വിവരം സ്ഥാപനം വെളിപ്പെടുത്തിയിട്ടും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

2020-2021 സാമ്പത്തിക വർഷത്തേയ്ക്കുള്ള ഫാക്ടറി വ്യാപാര ലൈസൻസിനു വേണ്ടിയുള്ള അപേക്ഷയിൽ ചില സ്ഥാപനങ്ങളിൽ ഒന്നിലധികം ജീവനക്കാർ ജോലി ചെയ്യുന്നുണ്ടെന്ന് രേഖപ്പെടുത്തിയിട്ടും അത്തരം സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി (രണ്ട് അർദ്ധ വർഷത്തെയും) ഈടാക്കിയിട്ടില്ല. ഇത് പഞ്ചായത്തിലെ നികുതി പിരിവ് കാര്യക്ഷമമായി നടക്കുന്നില്ല എന്നതിന് മകുടോദാഹരണമാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനങ്ങളുടെ പേര് | ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണം | അപേക്ഷയിലെ ഫ്രണ്ട് ഓഫീസ് തപാൽ നമ്പരും തീയതിയും |
|---|---|---|
| ശശീന്ദ്ര സാമിൽ, AP !V/585 | 03 | B3-1143/20<br>26.02.2020 |
| വിവേക് കാറ്ററിംഗ് സർവ്വീസ്, AP XIV/241 | 05 | B3-1530/20<br>16.03.2020 |
| അമ്മ ഹോളോബ്രിക്സ്, കുറ്റിയാണിക്കാട്, AP XIV/384 | 03 | B3-1500/20<br>16.03.2020 |
| റ്റീജാൻ ഏജൻസീസ്, ചെമ്പൂര്, AP VIII/106 | 05 | B3-2022/20<br>15.05.2020 |
| ആർ. എസ് ഭാരത് ഗ്യാസ് ഏജൻസി, ചെമ്പൂര്, AP VIII/554, 555 | 03 | B3-958/20<br>18.02.2020 |
| ജി. കെ സാമിൽ, ഒറ്റശേഖരമംഗലം, AP IV/240 | 04 | B3-2119/20<br>21.05.2020 |
| എം. എസ് ട്രേഡേഴ്സ്, AP XI/177 | 02 | B3-2251/20 |

| | | |
|---|---|---|
| | | 26.05.2020 |
| തണൽ ട്രേഡേഴ്സ്, തുടലി, AP XII/640, 639, 73, 74, 75, XI/178, 179, 180, 176, 527 | 02 | B3-2252/20<br>26.05.2020 |
| എ. വി. എസ് കമ്പ്യൂട്ടേഴ്സ് & ബേക്കറി, AP XIII/127 | 06 | B3-3136/20<br>02.07.2020 |
| ശ്രീകൃഷ്ണ ഫ്ലവർ മിൽ & ഫുഡ് പ്രോഡക്ട്സ്, കുറ്റിയാണിക്കാട്, AP II/506 | 08 | B3-965/20<br>18.02.2020 |
| കൈരളി എക്സ്പോർട്സ്, കരിക്കറത്തല, ഡാല്യംമുഖം. പി. ഒ, AP XI/288-296 | 86 | B3-1893/20<br>07.05.2020 |
| കൈരളി എക്സ്പോർട്സ്, കുറ്റിയാണിക്കാട്, AP II/231-237 | 48 | B3-1894/20<br>07.05.2020 |
| ഉദയ കേബിൾ നെറ്റ്വർക്ക്, AP XII/102 | 05 | B3-3394/20<br>10.07.2020 |
| ജി. ആർ ടെക്ക് കമ്പ്യൂട്ടർ സെന്റർ & ഓൺലൈൻ സർവ്വീസ്, AP II/333, 334 | 02 | B3-3583/20<br>24.07.2020 |
| വാഹനങ്ങളുടെ സ്പെയർപാർട്സ് വിൽപ്പന, AP IV/583A | 03 | B3-3874/20<br>10.08.2020 |
| എഫ്ഥാ കൺസ്ട്രക്ഷൻസ്, AP I/243 | 20 | JC3-356/20<br>24.09.2020 |
| വല്ലീസ് ട്രേഡേഴ്സ് & ഹാർഡ്‌വെയർ ഷോപ്പ്, AP IV/249A,B | 03 | JC3-607/20<br>06.10.2020 |
| എസ്. എൻ സാമിൽ, AP VIII | 04 | JC3-419/20<br>26.09.2020 |
| ജോബി ഇന്റർനെറ്റ് & കേബിൾ സർവ്വീസ്, AP XIV/82 | 04 | JC3-397/20<br>25.09.2020 |
| എസ്. എസ് ടൂവീലർ സർവ്വീസ് & ടയർ വർക്സ്, AP IX/57 | 02 | JC3-345/21<br>19.01.2021 |
| കൃപ ഹോളോബ്രിക്സ്, കരിക്കോട്ടുകുഴി, AP VII/405B | 03 | JC3-648/21<br>01.02.2021 |
| ശ്രീപാദം പെയിന്റ്സ് & ഹാർഡ്‌വെയേഴ്സ്, ഒറ്റശേഖരമംഗലം, AP IV/212 | 02 | JC3-828/21<br>09.02.2021 |
| പെട്രോൾ, ഡീസൽ ഔട്ട്ലെറ്റ്, മൊട്ടല്യംമൂട്, AP X/567A | 04 | JC3-708/21<br>04.02.2021 |

ഇതു സംബന്ധിച്ച് 10.06.2022 തീയതിയിൽ 08-ാം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക മറുപടിയിൽ കോവിഡ് വ്യാപനം കാരണം തൊഴിൽ നികുതി ഈടാക്കുവാൻ കഴിഞ്ഞിട്ടില്ലെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. തൊഴിൽ നികുതി പിഴപ്പലിശ സഹിതം ഈടാക്കി തനതുഫണ്ടിൽ മുതൽക്കൂട്ടുന്നതിനുള്ള ഊർജ്ജിത നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 1-22 അങ്കണവാടികളിൽ ഭൗതിക സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ കീഴിൽ ആകെ 31 അങ്കണവാടികളാണ് പ്രവർത്തിക്കുന്നത്. സർക്കാർ ഉത്തരവ് നമ്പർ നം.1830/2017 തസ്വഭവ, തീയതി:02.06.2017, ഖണ്ഡിക 3.2.1, 3.2.2, 3.2.3, 3.4.2, 3.4.3 എന്നിവ നിഷ്കർഷിക്കും പ്രകാരം അങ്കണവാടികളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് 13.06.2022 തീയതിയിൽ നൽകിയ ഓഡിറ്റ് എൻക്വയറി നം. 22-ന് ഐ. സി. ഡി. എസ് സൂപ്പർവൈസർ ലഭ്യമാക്കിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഭൗതിക സാഹചര്യങ്ങളുടെ അഭാവം | അങ്കണവാടികളുടെ എണ്ണം |
|---|---|---|
| 01 | സ്വന്തമായി കെട്ടിടം ഇല്ലാത്തവ | 15 |
| 02 | വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ | 15 |
| 03 | സ്വന്തമായി സ്ഥലം ഉണ്ടായിട്ടും കെട്ടിടം ഇല്ലാത്തവ | 03 |
| 04 | ചുറ്റുമതിൽ ഇല്ലാത്തവ | 07 |
| 05 | ഓട്ടോമാറ്റിക് ഗേറ്റ് ഇല്ലാത്തവ | 31 |
| 06 | റോഡിനു സമീപത്ത് അല്ലാത്തവ | 09 |
| 07 | ഭിന്നശേഷിക്കാർക്കായി റാംപ് ഇല്ലാത്തവ | 28 |
| 08 | ശിശു സൗഹാർദ്ദ പെയിന്റിംഗ് ഇല്ലാത്തവ | 30 |
| 09 | വാട്ടർ പ്യൂരിഫയർ ഇല്ലാത്തവ | 00 |
| 10 | വൈദ്യുതി ഇല്ലാത്തവ | 01 |
| 11 | കുടിവെള്ള സൗകര്യം ഇല്ലാത്തവ | 00 |
| 12 | മൂന്നു മുറിയെങ്കിലും ഇല്ലാത്തവ | 09 |
| 13 | ശിശു സൗഹാർദ്ദ ശുചിമുറി ഇല്ലാത്തവ | 30 |

വികസനരേഖ പ്രകാരം അംഗണവാടികൾക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും വൈദ്യുതി, വെള്ളം, ഫർണ്ണിച്ചർ തുടങ്ങിയ ഭൗതിക സാഹചര്യങ്ങൾ ഒരുക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും, ആയത് മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കിയിട്ടില്ല. ഈ വിഷയത്തിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ പതിയേണ്ടതാണ്.

## 1-23 പദ്ധതി നിർവ്വഹണം സംബന്ധിച്ച രേഖകളിലെ അപാകതകൾ പരിഹരിക്കേണ്ടതാണ്.

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികളുടെ ഫയലുകളും അനുബന്ധ രേഖകളും പരിശോധിച്ചതിൽ അപാകതകൾ കണ്ടെത്തിയിട്ടുണ്ട്. ഇത്തരം പദ്ധതികളുടെ വിശദാംശങ്ങളും കണ്ടെത്തിയ അപാകതകളും ചുവടെ ചേർക്കുന്നു.

I.

| | | |
|---|---|---|
| പദ്ധതി നമ്പർ | | 90/21 (67/20) |
| പദ്ധതിയുടെ പേര് | | വീടിന്റെ മേൽക്കൂര മാറ്റി പുതിയത് സ്ഥാപിക്കൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - എ സർക്കിൾ |
| ഫണ്ടിനം | വികസന ഫണ്ട് (പൊതുവിഭാഗം) | 650000/- |
| ആകെ അടങ്കൽ | | 650000/- |
| ഭരണാനുമതി നമ്പരും തീയതിയും | | 3(1)/07.04.2020 |
| ചെലവ് തുക (ചെലവ് പത്രിക പ്രകാരം) | | 300000/- (വികസന ഫണ്ട്) |
| ട്രഷറി ബിൽ നമ്പർ/തീയതി, തുക | | 01/23.04.2020, 100000/- |
| | | 04/19.05.2020, 50000/- |

| | |
|---|---|
| | 06/07.07.2020, 25000/- |
| | 09/12.07.2020, 25000/- |
| | 11/13.11.2020, 50000/- |
| | 15/27.03.2021, 50000/- |

ഈ പദ്ധതിയുടെ ആനുകൂല്യം 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിൽ ആകെ 09 ഗുണഭോക്താക്കൾക്കു ലഭിച്ചിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷം 06 ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം ലഭിച്ചത്. ഫയലുകളും അനുബന്ധ രേഖകളും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

അ) ഗുണഭോക്താക്കളുടെ അപേക്ഷകൾ ലഭ്യമാക്കിയിട്ടില്ല.

ആ) ഗുണഭോക്തൃ ലിസ്റ്റ് ഹാജരാക്കിയിട്ടില്ല. തൻനിമിത്തം പഞ്ചായത്ത് കമ്മിറ്റി തെരഞ്ഞെടുത്ത് അംഗീകരിച്ച ഗുണഭോക്താക്കൾക്കു തന്നെയാണോ പദ്ധതിയുടെ ആനുകൂല്യം നൽകിയതെന്നു പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

ഇ) ശ്രീമതി. ഗിരിജകുമാരി. പി, ചരിവുവിള പുത്തൻവീട്, ഡാലുംമുഖം. പി.ഒ എന്ന ഗുണഭോക്താവ് നിർവ്വഹിച്ച പ്രവൃത്തിയുടെ മൂല്യനിർണ്ണയ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. ഇക്കാരണത്താൽ പ്രവൃത്തിയുടെ മൂല്യവും പൂർത്തീകരണ വിവരങ്ങളും മനസ്സിലാക്കുവാൻ സാധിച്ചിട്ടില്ല.

ഈ) ശ്രീമതി. ലളിത. എൻ, ഹരിജൻകോളനി, ബിനു ഭവൻ, ചിലമ്പറ എന്ന ഗുണഭോക്താവിന്റെ അപേക്ഷയോടൊപ്പം കരാറിനു പകരം രേഖപ്പെടുത്തലുകളില്ലാത്ത മുദ്രപ്പത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്.

ഉ) മോണിറ്ററിംഗ് സമിതി റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

II.

| | | |
|---|---|---|
| പദ്ധതി നമ്പർ | | 132/21 |
| പദ്ധതിയുടെ പേര് | | ഭവന പുനരുദ്ധാരണം - എസ്. സി. പി |
| നിർവ്വഹണോദ്യോഗസ്ഥൻ | | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - ബി സർക്കിൾ |
| ഫണ്ടിനം | വികസന ഫണ്ട് (എസ്. സി. പി) | 1700000/- |
| | തനത് ഫണ്ട് | 100000 |
| ആകെ അടങ്കൽ | | 1800000/- |
| ഭരണാനുമതി നമ്പരും തീയതിയും | | 3(1)/07.04.2020 |
| ചെലവ് തുക (ചെലവ് പത്രിക പ്രകാരം) | | 1350000/- (വികസന ഫണ്ട് - എസ്. സി. പി) |
| ട്രഷറി ബിൽ നമ്പർ/തീയതി, തുക | | 03/10.02.2021, 450000/- |
| | | 04/12.03.2021, 300000/- |
| | | 05/12.03.2021, 225000/- |
| | | 06/18.03.2021, 375000/- |

ആര്യൻകോട് പഞ്ചായത്തിലെ പട്ടികജാതിയിൽപ്പെട്ട 12 ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് വീട് മെയിന്റനൻസിന് ഒരു കുടുംബത്തിന് 1,50,000/-രൂപ വീതം നൽകുന്നതിനു വിഭാവനം ചെയ്തിട്ടുള്ള ഈ പദ്ധതിയുടെ ഫയലുകളും അനുബന്ധ രേഖകളും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

അ) ഗുണഭോക്താക്കൾ സമർപ്പിച്ച അപേക്ഷകളിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല. തൻനിമിത്തം അപേക്ഷകൾ സമയബന്ധിതമായി അപേക്ഷ സമർപ്പിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല.

ആ) അപേക്ഷകളിൽ വി. ഇ. ഒ-യുടെ റിപ്പോർട്ട് ഉൾപ്പെടുത്തേണ്ട ഭാഗത്ത് യാതൊരു വിധ രേഖപ്പെടുത്തലുകളും

നടത്തുകയോ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

ഇ) ശ്രീ. ശശി. കെ, ശ്രീ. സുരേഷ്. ആർ, ശ്രീമതി. ലീന. വി. എൽ, ശ്രീമതി. ലീല. ഡി എന്നീ ഗുണഭോക്താക്കൾ നിർവ്വഹിച്ച പ്രവൃത്തികളുടെ മൂല്യനിർണ്ണയ സാക്ഷ്യപത്രങ്ങളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ (ഓവർസീയർ/അസി. എൻജിനീയർ) തീയതി രേഖപ്പെടുത്തിയിട്ടില്ല. ഇക്കാരണത്താൽ പ്രവൃത്തികൾ തുക അനുവദിക്കുന്നതിനു മുമ്പുതന്നെ പൂർത്തീകരിച്ചിട്ടുണ്ടോയെന്ന മനസ്സിലാക്കുവാൻ സാധിച്ചിട്ടില്ല.

ഈ) ഗുണഭോക്താക്കളുടെ അപേക്ഷയോടൊപ്പം കരാറിനു പകരം രേഖപ്പെടുത്തലുകളില്ലാത്ത മുദ്രപ്പത്രങ്ങളാണ് ലഭ്യമാക്കിയിട്ടുള്ളത്.

മേൽ പ്രസ്താവിച്ച അപാകങ്ങൾ ചൂണ്ടിക്കാട്ടി 16.06.2022 തീയതിയിൽ 40-ാം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്കു ലഭ്യമാക്കിയ മറുപടിയിൽ ഇത്തരം വീഴ്ചകൾ ആവർത്തിക്കുകയില്ലെന്നും അതീവ ജാഗ്രതയോടെ കാര്യങ്ങൾ ചെയ്യുമെന്നും ഉറപ്പ് നൽകുന്നുവെന്നും വ്യക്തമാക്കിയിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ പരിഹരിക്കുന്നതിനും ഫയലുകളും അനുബന്ധ രേഖകളും കുറ്റമറ്റ രീതിയിൽ പരിപാലിക്കുന്നതിനും നിർവ്വഹണോദ്യോഗസ്ഥൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-24 പ്രത്യേക കന്നുകുട്ടി പരിപാലനം -ചെലവാകാതെ അവശേഷിക്കുന്ന തുക തിരികെ ഈടാക്കേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥൻ: വെറ്ററിനറി സർജൻ

പ്രത്യേക കന്നുകുട്ടി പരിപാലനത്തിനായി തൻവർഷം പഞ്ചായത്ത് വിഹിതമായി 306250/-(70/21, 72/21 സ്പിൽ ഓവർ) രൂപ മൃഗസംരക്ഷണ വകുപ്പിന് കൈമാറിയിട്ടുണ്ട്. മൃഗസംരക്ഷണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ വിനിയോഗ സാക്ഷ്യപത്രം, ഓഡിറ്റ് എൻക്വയറിയുടെ (03/122, തീ-25.05.2022) മറുപടി എന്നിവ അനുസരിച്ച് മുൻ വർഷങ്ങളിൽ ഈ ഇനത്തിൽ നൽകിയ മുഴുവൻ തുകയും ചെലവഴിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതി ആരംഭിച്ച വർഷം | കൈമാറിയ തുക | പദ്ധതി കാലയളവിൽ സ്കീമിൽ നിന്നും പുറത്തായ ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക | ചെലവഴിക്കാതെ വകുപ്പിന്റെ കൈവശം അവശേഷിക്കുന്ന തുക | പദ്ധതി പൂർത്തീകരിച്ച തീയതി |
|---|---|---|---|---|---|
| 2019-20 | 300000 | 0 | 274796 | 25204 | 04.11.2021 |
| 2019-20 | 250000 | 0 | 193375 | 56625 | 02.12.2021 |

ആയതിനാൽ മേൽപറഞ്ഞ തുക തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയുമായി ബന്ധപ്പെട്ട് നാളിതുവരെ ചെലവഴിക്കാതെ ജില്ലാതല നിർവ്വഹണ ഉദ്യോഗസ്ഥന്റെ പക്കൽ സൂക്ഷിച്ചിരിക്കുന്ന പഞ്ചായത്ത് ഫണ്ടിന്റെ വിവരം അറിയിക്കേണ്ടതാണ്.

## 1-25 എസ്റ്റിമേറ്റുകൾ വ്യാപകമായി റിവൈസ് ചെയ്യുന്നു.

2020-21 സാമ്പത്തികവർഷം നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളിൽ ചില ഐറ്റങ്ങൾ ഒഴിവാക്കിയും ചില ഐറ്റങ്ങൾ ഉൾപ്പെടുത്തിയും പ്രോജക്ട് റിവൈസ് ചെയ്തിട്ടുണ്ട്. റിവൈസ് ചെയ്ത പ്രോജക്ടുകളുടെ ഏതാനും ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് |
|---|---|
| 280/21 | പൊതുകുളങ്ങളുടെ നവീകരണം |
| 290/21 | കീഴാറൂർ മാർക്കറ്റ് നവീകരണം |
| 285/21 | ചെമ്പൂർ പി.എച്ച്.സി-ക്ക് ചുറ്റുമതിലും ഡ്രെയിനേജും |
| 103/21 | ചിലവൂർ റോഡ് ടാറിംഗ് |
| 95/21 | പിറളക്കോട് ഭൂതത്താൻ ക്ഷേത്രനട റോഡ് ടാറിംഗ് |
| 27/21 | മുത്തൻകോട് ആശാരി വിളാകം നടപ്പാത സൈഡ് വാൾ കെട്ടലും കോൺക്രീറ്റും |

| | |
|---|---|
| 98/21 | കടയിൽവിള ചാനൽക്കര ബണ്ട് റോഡ് കോൺക്രീറ്റ് |
| 105/21 | ഇടവാൽ ട്രാൻസ്ഫോമർ റോഡ് പുനരുദ്ധാരണവും കോൺക്രീറ്റും |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം-20/2022-ന് ലഭ്യമാക്കിയ മറുപടിയിൽ പ്രാദേശികമായ സമ്മർദ്ദവും, സൈറ്റിൽ ഉണ്ടായ വ്യതിയാനങ്ങൾ കാരണവുമാണ് എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ടതായി വന്നതെന്നാണ് അറിയിച്ചിട്ടുള്ളത്. ആദ്യ എസ്റ്റിമേറ്റ് തയ്യാറാക്കിയ വേളയിൽ സൈറ്റ് കണ്ടീഷൻ നേരിട്ട് പരിശോധിച്ച് ബോദ്ധ്യപ്പെടാത്തതിനാലാണ് പദ്ധതി റിവൈസ് ചെയ്യേണ്ടി വരുന്നത്. 2012ലെ PWD Manual ഖണ്ഡിക 1601.1.1-ലെ നിർദ്ദേശങ്ങൾ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന വേളയിൽ പാലിച്ച് കാണുന്നില്ല. സർക്കാർ നിർദ്ദേശങ്ങളും സർക്കുലറുകളും പാലിച്ചുകൊണ്ട് പ്രവൃത്തി നിർവഹിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടെയും വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

## 1-26 ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തിയ പ്രോജക്ടുകളിലെ അപാകത-ചെലവ് തുകയായ 1,75,370/-രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നം | 309/21 |
| പ്രോജക്ടിന്റെ പേര് | പട്ടം ചിറ-വേങ്കോട് നടപ്പാത നിർമ്മാണം |
| അടങ്കൽ തുക | 49000/- |
| ചെലവ് തുക | 48997/- |
| ബിൽ നം/ തീയതി | 109/20-21, 31.03.21 |
| എം ബുക്ക് നമ്പർ | 604/20-21 |
| കൺവീനർ | മേബൽ മഞ്ജുള |

| | |
|---|---|
| പ്രോജക്ട് നം | 09/21 |
| പ്രോജക്ടിന്റെ പേര് | മഞ്ചംകോട് ജംഗ്ഷൻ മേലെ നടപ്പാത കോൺക്രീറ്റ് |
| അടങ്കൽ തുക | 49000/- |
| ചെലവ് തുക | 42741/- |
| ബിൽ നം/ തീയതി | 75/20-21, 06.02.21 |
| എം ബുക്ക് നമ്പർ | 657/20-21 |
| കൺവീനർ | ശലോമോൻ |

| | |
|---|---|
| പ്രോജക്ട് നം | 05/21 |
| പ്രോജക്ടിന്റെ പേര് | മഞ്ചംകോട്- സി എസ് ഐ പള്ളി നട നടപ്പാത കോൺക്രീറ്റിംഗ് |
| അടങ്കൽ തുക | 49000/- |
| ചെലവ് തുക | 40286/- |
| ബിൽ നം/ തീയതി | 71/20-21, 23.01.21 |
| എം ബുക്ക് നമ്പർ | 343/20-21 |
| കൺവീനർ | സിമി.എസ് |

| | |
|---|---|
| പ്രോജക്ട് നം | 06/21 |
| പ്രോജക്ടിന്റെ | തവരുകോണം മേക്കുംക്കര പുത്തൻവീട് |

| | |
|---|---|
| പേര് | നടപ്പാത കോൺക്രീറ്റും സ്ലാബ് നിർമ്മാണവും |
| അടങ്കൽ തുക | 49000/- |
| ചെലവ് തുക | 43346/- |
| ബിൽ നം/ തീയതി | 76/20-21 , 06.02.21 |
| എം ബുക്ക് നമ്പർ | 575/20-21 |
| കൺവീനർ | സൗമ്യ |

ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളിൽ സർക്കുലർ നം1/1559/2010/സി.ഇ /ത.സ്വ.ഭ.വ, തീയതി 13.11.2014-ലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

1.ഗുണഭോക്തൃ സമിതികൾ ആകെ ഒരു തവണ മാത്രമേ ചേർന്നിട്ടുള്ളൂ (ഗുണഭോക്തൃ സമിതി രൂപീകരണം, കൺവീനറുടെയും ചെയർമാന്റെയും തെരഞ്ഞെടുപ്പ്) പ്രവൃത്തിയുടെ നിർവഹണം, മോണിട്ടറിംഗ്, വരവ്-ചെലവു കണക്കുകൾ അംഗീകരിക്കൽ എന്നിവ ഗുണഭോക്തൃസമിതി വിലയിരുത്തുകയോ, യോഗം കൂടി തീരുമാനങ്ങൾ കൈക്കൊള്ളുകയോ ചെയ്തിട്ടില്ല.

2.ഗുണഭോക്തൃസമിതി കൺവീനറുടെയും ചെയർമാന്റെയും പേരിൽ സംയുക്ത ബാങ്ക് അക്കൗണ്ട് തുടങ്ങാതെ പകരം കൺവീനറുടെ വ്യക്തിഗത അക്കൗണ്ടിലാണ് ബിൽ തുക അനുവദിച്ച് നൽകിയിട്ടുള്ളത്.

3.കൺവീനറുടെ വരവ് - ചെലവ് കണക്ക് പുസ്തകം, ദൈനംദിന ജോലി ഡയറി എന്നിവ പരിശോധനക്ക് ലഭ്യമാക്കിയില്ല.

4.തൊഴിലാളികളുടെ വേതനം സംബന്ധിയായ കണക്കുകൾ, മസ്റ്റർ റോൾ, മിനിട്ട്സ് ബുക്ക്, സാധന സാമഗ്രികൾ വാങ്ങിയ അസ്സൽ ബില്ലുകൾ എന്നിവ ഹാജരാക്കിയില്ല.

പ്രസ്തുത അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണങ്ങൾ നം-18/22, 21/22 എന്നിവയ്ക്ക് നൽകിയ മറുപടി കോവിഡ് പ്രതിസന്ധി കാരണം നടപടിക്രമങ്ങൾ പാലിച്ച് രേഖകൾ സൂക്ഷിക്കാൻ സാധിച്ചില്ലായെന്നാണ് അറിയിച്ചിട്ടുള്ളത്. തൊഴിലാളികളുടെ വേതന സംബന്ധിയായ കണക്കുകൾ, മസ്റ്റർ റോൾ, മിനിട്ട്സ് ബുക്ക്, സാധന സാമഗ്രികൾ വാങ്ങിയ അസ്സൽ ബില്ലുകൾ എന്നിവ ഹാജരാക്കാത്തതിനാൽ ചെലവ് തുകയായ 1,75,370/-രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-27 ബിറ്റുമെൻ വാങ്ങിയതിന്റെ അസ്സൽ ബിൽ ഹാജരാക്കിയില്ല ചെലവ് തുകയായ 1,71,072/-രൂപ തടസ്സപ്പെടുത്തുന്നു.

| പ്രോജക്ട് നം | 103/21 | ബിൽ ബുക്ക് പ്രകാരം നൽകിയ തുക |
|---|---|---|
| പ്രോജക്ടിന്റെ പേര് | ചിലവൂർ റോഡ് ടാറിംഗ്(സ്പിൽ ഓവർ) | |
| അടങ്കൽ തുക | 500000/- | |
| ചെലവ് തുക | 497460/- | |
| ബിൽനം/തീ. | 20/20-21, 19.05.2020 | |
| എം ബുക്ക് നം | 590/19-20 | |
| കരാറുകാരൻ | ശ്രീ.കൃഷ്ണൻകുട്ടി.എസ് | |

| | | | |
|---|---|---|---|
| പ്രസ്തുത പ്രവൃത്തിക്കായി ഉപയോഗിച്ച ബിറ്റുമെൻ അളവ് | ഇനം നം-3 Prime Coat | 504.9കി.ഗ്രാം(594x0.85) Bitumen Emulsion SS-1 | 32076 |
| | ഇനം നം-4 Tack Coat | 163.35കി.ഗ്രാം(594x.275) Bitumen RS-1 | 6534 |
| | ഇനം നം-5 Pre-mix Carpet | 867.24കി.ഗ്രാം (594x1.46) Bitumen S-65 | 95040 |
| | ഇനം നം-6 Seal Coat | 386 കി.ഗ്രാം(594x.65) Bitumen S-65 | 37422 |
| ആകെ | | | 1,71,072/- |

പ്രസ്തുത പ്രവൃത്തി ഫയലിനോടൊപ്പം ടാർ വാങ്ങിയതിന്റെ ബില്ലുകൾ ഹാജരാക്കിയെങ്കിലും പ്രസ്തുത ബില്ലുകൾ പ്രോജക്റ്റ് നം.120/20, 84/20 എന്നിവയ്ക്കായി ബിറ്റുമെൻ വാങ്ങിയതിന്റെ ബില്ലുകളാണ്. അസ്സൽ ബിൽ ഹാജരാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം-25/2022-ന് ലഭ്യമാക്കിയ മറുപടിയിൽ മേൽ പ്രവൃത്തികൾ നിർവ്വഹിച്ച കരാറുകാരനാണ് ചിലവൂർ റോഡിന്റെ ടാറിംഗ് പ്രവൃത്തികൾ നടത്തിയതെന്നും ടാർ വിതരണം ചെയ്ത കമ്പനിയുടെ ബില്ലിൽ പിശക് മൂലം എല്ലാ പ്രവൃത്തികളുടെയും പ്രോജക്റ്റ് നമ്പർ രേഖപ്പെടുത്തിയില്ലയെന്നാണ് അറിയിച്ചിട്ടുള്ളത്. ഓരോ പ്രവൃത്തിക്കും ഉപയോഗിച്ച ടാറിന്റെ അളവ് ബില്ലിൽ രേഖപ്പെടുത്തി നിർവ്വഹണോദ്ധ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടുമില്ല. ആയതിനാൽ പ്രസ്തുത മറുപടി ഓഡിറ്റ് അംഗീകരിക്കുന്നില്ല. ബിറ്റുമെൻ വാങ്ങിയതിന്റെ അസ്സൽ ബിൽ ഹാജരാക്കാത്തതിനാൽ ചെലവ് തുകയായ 1,71,072/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-28 ആദായ നികുതിയിനത്തിൽ കുറവ് വരുത്തി അടവാക്കുന്നില്ല.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ റോഡ്, നടപ്പാത കോൺക്രീറ്റിംഗ് പ്രവൃത്തികൾക്കാവശ്യമായ സാധനങ്ങൾ ടെൻഡർ ക്ഷണിച്ച് കരാറുകാരിൽ നിന്നും വാങ്ങിയിരുന്നു. 1961-ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 194 സി പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു കരാറിൽ 30,000/-രൂപയിൽ കൂടുതൽ പേമെന്റ് നടത്തുമ്പോൾ 1% തുക സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ആദായ നികുതി വകുപ്പിന് അടക്കേണ്ടതുണ്ട്. 21.03.2013 GO(P)3/2013/SPD 12.29 പ്രകാരവും നിയമപ്രകാരമുള്ള ഡിഡക്ഷനുകൾ നടത്തണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ഇത്തരത്തിൽ തുകകൾ ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | കരാറുകാരൻ | നൽകിയ തുക |
|---|---|---|
| നെല്ലിക്കാ പറമ്പ് മുതൽ തേമ്പാച്ചൽ വരെ റോഡ് നിർമ്മാണം | ചന്ദ്രൻ | 378030 |
| കുറ്റിയാണിക്കാട് മുതൽ മുഴങ്ങ് വരെ റോഡ് നിർമ്മാണം | സുരേഷ് കുമാർ | 388063 |
| മഞ്ചംകോട് വാർഡിൽ കോരയിൽ മുതൽ വയലിംഗൽ വരെ റോഡ് നിർമ്മാണം | സെൽവരാജ് | 308492 |
| മഞ്ചംകോട് വാർഡിൽ കാപ്പിയോട് മുതൽ കരിമ്പുമണ്ണടി വരെ റോഡ് നിർമ്മാണം | സെൽവരാജ് | 203784 |
| മഞ്ചംകോട് വാർഡിൽ ചങ്കിലിക്കോണം മുതൽ കീഴ്പാറ വരെ നടപ്പാത നിർമ്മാണം | സെൽവരാജ് | 385156 |
| കരിക്കോട്ടുക്കുഴി വാർഡിൽ ഉടയൻകാവ് മുതൽ പേപ്പാറ കൊറിഞ്ചി തലയ്ക്കൽവരെ നടപ്പാത നിർമ്മാണം | എൽ.മോഹനൻ | 321111 |

ഈ വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണം നം-39/22-ന് ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത അപാകത സംബന്ധിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിക്കുകയുണ്ടായി. തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-29 ധനവിനിയോഗ / പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല – 3,41,686/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| ക്രമ നം | പദ്ധതിയുടെ പേരും നമ്പരും | നിർവ്വഹണ ഏജൻസി | അടങ്കൽ തുക | ചെലവ് തുക | ബിൽ നം, തീയതി |
|---|---|---|---|---|---|
| 1 | ഐ.കെ.എം വിഹിതം നൽകൽ (02/21) | ഐ.കെ.എം | 94426 | 94426 | 13/8.6.2020 |
| 2 | വിവിധ വാർഡുകളിലെ പോസ്റ്റ് മാറ്റൽ (61/21) | KSEB | 162000 | 160843 | 1/23.4.20<br>22/17.7.20 |
| 3 | സ്ട്രീറ്റ് മെയിൻ വലിക്കലും സ്ട്രീറ്റ് മീറ്റർ സ്ഥാപിക്കലും (306/21) | KSEB | 86417 | 86417 | 61/12.3.21<br>83/17.3.21 |
| | ആകെ | | | 3,41,686/- | |

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പ്രവൃത്തികളുടെ ധനവിനിയോഗ/പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 1-30 സെന്റേജ് ചാർജ്ജ് തിരികെ ഈടാക്കേണ്ടതാണ്.

| ക്രമ നം | പദ്ധതിയുടെ പേരും നമ്പരും | നിർവ്വഹണ ഏജൻസി | അടങ്കൽ തുക | ചെലവ് തുക | ബിൽ നം, തീയതി |
|---|---|---|---|---|---|
| 1 | കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ (203/21) | കേരള വാട്ടർ അതോരിറ്റി | 275000 | 272000 | 49/31.12.21 |
| 2 | അവിയൻകോട് വനിതാ ഭവൻ റോഡിൽ പൈപ്പ് ലൈൻ നീട്ടൽ( 212/21) | കേരള വാട്ടർ അതോരിറ്റി | 300000 | 300000 | 40/17.11.2020 |
| | ആകെ | | | 5,72,000/- | |

സ.ഉ.(സാധാ)നം./1069/2018/തസ്വഭവ, തീയതി 16.4.2018 പ്രകാരം തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും സെന്റേജ് ചാർജ്ജ് ഈടാക്കേണ്ടതില്ല എന്ന് നിർദേശിച്ചിട്ടുണ്ട്. സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പട്ടിക പ്രകാരമുള്ള പദ്ധതികൾക്ക് പത്ത് ശതമാനം സെന്റേജ് ചാർജ്ജ് ഉൾപ്പെടെയുള്ള തുകയാണ് കേരള വാട്ടർ അതോരിറ്റിയ്ക്ക് നൽകിയിരിക്കുന്നത്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം 10/09.06.2022-ന് മറുപടിയായി സെന്റേജ് ചാർജ്ജ് തിരികെ ഒടുക്കുന്നതിന് വാട്ടർ അതോരിറ്റിയ്ക്ക് കത്ത് നൽകുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർ നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-31 കോവിഡ് ഫസ്റ്റ്ലൈൻ ട്രീറ്റ്മെന്റ് സെന്റർ നടത്തിപ്പിനായി വാങ്ങിയ സാധനസാമഗ്രികൾ പുനരുപയോഗിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

ചെമ്പൂര് എൽ എം എസ് ഹയർ സെക്കന്ററി സ്കൂളിൽ കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്റർ സ്ഥാപിക്കുന്നതിന് പദ്ധതി നം.275/21 പ്രകാരം 2,01,887/-രൂപ (ബിൽ നം.32/24.9.2020) ചെലവഴിച്ചിട്ടുണ്ട്. ആയതിന്റ ഭാഗമായി ആർട്ട്കോയിൽ നിന്നും 1,56,896/-രൂപയ്ക്ക് ഇരുപത്തിയഞ്ച് ബെഡ്, അനുബന്ധ ഉപകരണങ്ങൾ വാങ്ങിയിരിക്കുന്നു. ഇവയുടെ സ്റ്റോക്ക് രജിസ്റ്റർ, നിലവിലെ ഉപയോഗം എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.11/11.06.2022-ന് മറുപടിയായി നിലവിൽ പ്രസ്തുത സാധനസാമഗ്രികൾ ഗ്രാമപഞ്ചായത്തിന് കീഴിലുള്ള ഇടവാൽ ശിശുമന്ദിരത്തിൽ സൂക്ഷിച്ചിരിക്കുന്നു എന്ന് അറിയിച്ചിരിക്കുന്നു. ഇവ ഉചിതമായ രീതിയിൽ പുനരുപയോഗിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-32 പ്രവർത്തനക്ഷമമായ പൊതുടാപ്പുകൾക്ക് മാത്രം വെള്ളക്കരം ഒടുക്കേണ്ടതാണ്.

കേരള വാട്ടർ അതോററ്റിയുടെ ഡിമാന്റ് നോട്ടീസ് പ്രകാരം 260 ടാപ്പുകൾക്ക് 2020-21 ൽ വെള്ളക്കരം ഒടുക്കിയിരിക്കുന്നു. പ്രവർത്തനക്ഷമമായ പൊതു ടാപ്പുകളുടെ എണ്ണം വാട്ടർ അതോററ്റി ഉദ്യോഗസ്ഥരുമായി സംയുക്ത പരിശോധന 2021-22-ൽ നടത്തിയിട്ടുണ്ടെന്നും 245 എണ്ണം പൊതുടാപ്പുകൾ ഉപയോഗപ്രദമായിട്ടുണ്ടെന്നും ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.12/13.06.2022-ന് മറുപടി ലഭ്യമാക്കി. ഉപയോഗിക്കുന്ന പൊതുടാപ്പുകളുടെ മാത്രം വെള്ളക്കരം ഒടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-33 ഹരിത സഹായ സ്ഥാപനം - കരാറടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ നടപ്പാക്കേണ്ടതാണ്.

| | |
|---|---|
| പദ്ധതിയുടെ പേരും നമ്പരും | ഹരിത സഹായ സ്ഥാപനം (300/21) |
| അടങ്കൽതുക | 166848/- |
| ചെലവ് തുക | 145992/- |
| ബിൽ നം തീയതി | 38/30.10.20 (20856/-), 52/15.01.20 (62568/-), 62/12.03.21 (20856/-), 97/30.03.21 (41712/-) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

ഹരിത കേരളം പദ്ധതിയുടെ ഭാഗമായി മാലിന്യ സംസ്കരണ പ്രക്രിയ കാര്യക്ഷമമാക്കുന്നതിന് ഹരിത കർമ്മ സേനയ്ക്ക് ആവശ്യമായ പരിശീലനം നൽകുന്നതിനും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ഹരിത സഹായ സ്ഥാപനവുമായി കരാറിൽ ഏർപ്പെടുകയും 9/2020 മുതൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കരാർ വ്യവസ്ഥ ഖണ്ഡിക 4.15, 4.16 എന്നിവ പ്രകാരം ഹരിത കർമ്മസേനയുടെ നേതൃത്വത്തിൽ നടത്തുന്ന മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി ഉത്പാദിക്കപ്പെടുന്ന കമ്പോസ്റ്റ് , സ്ലറി എന്നിവ ഉപയോഗിച്ച് കൃഷി വ്യാപിപ്പിക്കുന്നതിനുള്ള പ്രവർത്തന പരിപാടി തയ്യാറാക്കുകയും പ്രവർത്തനങ്ങളുടെ നടത്തിപ്പിന് സഹായം നൽകുകയും ചെയ്യുക, പഞ്ചായത്ത് പ്രദേശത്തെ ജലാശയങ്ങളുടെ ശുചിത്വാവസ്ഥ സംബന്ധിച്ച റിപ്പോർട്ട്, മലിനീകരണം തടയുന്നതിനുള്ള കർമ്മപരിപാടി എന്നിവ തയ്യാറാക്കി തദ്ദേസ്വയംഭരണ സ്ഥാപനത്തിന് സമർപ്പിക്കുകയും അത് നടപ്പാക്കുന്നതിനുള്ള സാങ്കേതിക നേതൃത്വം വഹിക്കുകയും ചെയ്യുക എന്നീ ചുമതലകളും നിർവ്വഹിക്കേണ്ടതായിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടുണ്ടെങ്കിൽ റിപ്പോർട്ട് പരിശോധനയ്ക്ക് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.13/13.06.2022-ന് അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നതിനും സംസ്കരിക്കുന്നതിനുമാണ് സ്ഥാപനം പരിശീലനം നൽകുന്നതെന്ന് മറുപടി ലഭ്യമാക്കി. കരാറിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രവർത്തനങ്ങൾ നടപ്പാക്കുന്നുണ്ടെന്ന് ഭരണസമിതി ഉറപ്പാക്കേണ്ടതാണ്.

## 1-34 ഗുണഭോക്താക്കളുടെ തിരഞ്ഞെടുപ്പിന് അംഗീകാരം നേടിയിട്ടില്ല.

കോവിഡ് കാലയളവിൽ ഗ്രാമസഭ കൂടാൻ കഴിയാതിരുന്ന സാഹചര്യത്തിൽ 2020-21-ൽ നടപ്പാക്കിയ പദ്ധതികളിൽ വ്യക്തിഗതാനുകൂല്യങ്ങൾ നൽകുന്നതിന് ഭരണസമിതി നിർദേശാനുസരണം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുകയും ആയതിന് ഭരണസമിതി അംഗീകാരം നൽകുകയും ചെയ്തിരിക്കുന്നു. ഓഡിറ്റിന് ഹാജരാക്കിയ ഗ്രാമസഭ മിനിറ്റ്സ് പരിശോധിച്ചതിൽ ഇപ്രകാരം വ്യക്തിഗതാനുകൂല്യങ്ങൾക്കായുള്ള ഗുണഭോക്തൃ ലിസ്റ്റ് കോവിഡ് കാലയളവിന് ശേഷം ചേർന്ന ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങിയതായി രേഖപ്പെടുത്തിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.35/16.06.2022-ന് അടുത്ത ഗ്രാമസഭയിൽ ലിസ്റ്റ് സാധൂകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. ഗുണഭോക്തൃ പട്ടികയ്ക്ക് നിയമാനുസൃതമായ അംഗീകാരം ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

## 1-35 തെരുവ് വിളക്ക് പരിപാലനം - സർക്കാർ നിർദേശം പാലിക്കേണ്ടതാണ്.

| | |
|---|---|
| പദ്ധതിയുടെ പേരും നമ്പരും | തെരുവ് വിളക്കുകൾക്ക് വേണ്ടി എൽ ഇ ഡി ലൈറ്റ് വാങ്ങൽ (241/21) |

| | |
|---|---|
| അടങ്കൽതുക | 364402/- |
| ചെലവ് തുക | 361950/- |
| ബിൽ നം തീയതി | 42/17.11.2020 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

മേൽ പദ്ധതി പ്രകാരം തെരുവ് വിളക്ക് മെയിന്റനൻസിന്റെ ഭാഗമായി കേടായ സി എഫ് എൽ ബൾബുകൾ മാറ്റി എൽ ഇ ഡി ലൈറ്റുകൾ സ്ഥാപിക്കുന്നതിന് സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ് എന്ന സ്ഥാപനത്തിന് തുക നൽകിയിരിക്കുന്നു.

1. ഇലക്ട്രിക് സെക്ഷനിലെ അസി.എഞ്ചിനിയറുടെ അംഗീകാരത്തോടെ വൈദ്യുതി ബോർഡ് ജീവനക്കാരുടെ മേൽനോട്ടത്തിൽ മെയിന്റനൻസ് പ്രവൃത്തികൾ നിർവ്വഹിക്കേണ്ടതാണെന്ന് സർക്കുലർ നം.3055/D.A.3/2011/LSGD, 15.09.2011-ൽ നിർദേശിച്ചിട്ടുണ്ട്. എന്നാൽ വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രത്തിന്റെ മാത്രം അടിസ്ഥാനത്തിലാണ് കരാറുകാരന് തുക നൽകിയിരിക്കുന്നത്. പ്രവൃത്തി നിർവ്വഹിച്ചതിന്റെ സാക്ഷ്യപത്രം (ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ്) വൈദ്യുത ബോർഡ് അധികാരികളിൽ നിന്നും ലഭ്യമാക്കിയിട്ടില്ല.

2. അറ്റകുറ്റപണികൾ ആവശ്യമുള്ള തെരുവ് വിളക്കുകളെ സംബന്ധിച്ച പരാതികൾ രേഖപ്പെടുത്തുന്നതിന് പരാതി രജിസ്റ്ററും, കേടായ സാധനങ്ങൾ തിരികെ ലഭ്യമാകുമ്പോൾ ആയത് രേഖപ്പെടുത്തുന്ന രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററും സൂക്ഷിക്കുന്നില്ല.

മേൽ അപാകതകൾ പരിഹരിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണം നം.36/16.06.2022-ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | പദ്ധതിയുടെ പേര് | മുന്നിരിപ്പ് | ലഭിച്ച തുക | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | | പ്രോജക്ട് നം 80 | 0 | 8500 | 8500 | 0 |

| | | | | | |
|---|---|---|---|---|---|
| 2020-21 | കേദാരം | | | | |
| | പ്രോജക്ട് നം 146 ലൈഫ് ഭവന നിർമ്മാണം (ജനറൽ) | 0 | 1172180 | 1172180 | 0 |
| | പ്രോജക്ട് നം 237 ലൈഫ് ഭവന നിർമ്മാണം (എസ്.സി.പി) | 0 | 260000 | 260000 | 0 |
| | പ്രോജക്ട് നം 122 സ്നേഹസ്പർശം | 0 | 320625 | 320625 | 0 |
| | പ്രോജക്ട് നം 133 ക്ഷീരസമൃദ്ധി (വനിത) | 0 | 400000 | 400000 | 0 |
| | പ്രോജക്ട് നം 136 ക്ഷീരസമൃദ്ധി (ജനറൽ) | 0 | 500000 | 500000 | 0 |
| | ആകെ | 0 | 2661305 | 2661305 | 0 |
| ജില്ലാ പഞ്ചായത്ത് 2020-21 | പ്രോജക്ട് നം 80 കേദാരം | 0 | 8500 | 8500 | 0 |
| | പ്രോജക്ട് നം 78 ഹരിതഭവനം | 0 | 131000 | 131000 | 0 |
| | പ്രോജക്ട് നം 146 ലൈഫ് ഭവന നിർമ്മാണം (ജനറൽ) | 0 | 2600000 | 2600000 | 0 |
| | പ്രോജക്ട് നം 237 ലൈഫ് ഭവന നിർമ്മാണം (എസ്.സി.പി) | 0 | 100000 | 100000 | 0 |
| | പ്രോജക്ട് നം 122 സ്നേഹസ്പർശം | 0 | 159000 | 159000 | 0 |
| | പ്രോജക്ട് നം 133 ക്ഷീരസമൃദ്ധി | 0 | 300000 | 300000 | 0 |

| | | | | | |
|---|---|---|---|---|---|
| | (വനിത) | | | | |
| | പ്രോജക്ട് നം 136 ക്ഷീരസമൃദ്ധി (ജനറൽ) | 0 | 300000 | 300000 | 0 |
| | പ്രോജക്ട് നം 96 ക്ഷീരസമൃദ്ധി (വനിത) | 0 | 495000 | 495000 | 0 |
| | പ്രോജക്ട് നം 100 ക്ഷീരസമൃദ്ധി (വനിത) | 0 | 281000 | 281000 | 0 |
| | ആകെ | | 4374500 | 4374500 | |

നീക്കിയിരിപ്പ് വിവരങ്ങൾ

| | 19-20 B4 പ്രകാരമുള്ള നീക്കിയിരിപ്പ് | 20-21 RP 7/30 പ്രകാരമുള്ള വരവ് | ആകെ | സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവ് | നീക്കിയിരിപ്പ് | 20-21 B4 പ്രകാരമുള്ള നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് വിഹിതം | 532817 | 4274500 | 4807317 | 4374500 | 432817 | 432817 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1449897 | 2366702 | 3816599 | 2661305 | 1155294* | 1055294 |

* പ്രോജക്ട് നം.126 അംഗൻവാടി പോഷകാഹാരം എന്ന പദ്ധതി ബ്ലോക്ക് പഞ്ചായത്തിന്റെയാണെങ്കിലും സുലേഖ ചെലവു പത്രികയിൽ ആയതു മറ്റ് ഗ്രാമപഞ്ചായത്ത് എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത വ്യത്യാസമാണ് നീക്കിയിരിപ്പിലും 20-21 B4 പ്രകാരമുള്ള നീക്കിയിരിപ്പിലും വ്യത്യാസം വന്നിരിക്കുന്നത്.

## 4-2 നിക്ഷേപ പ്രവൃത്തികൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കിയുള്ള തുക |
|---|---|---|---|---|
| KWA | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പ്രോജക്ട് നം 212<br>പ്രോജക്ട് നം 203 | 300000<br>272000 | --<br>-- | 300000<br>272000 |
| KSEB | പ്രോജക്ട് നം 306 സ്ട്രീറ്റ് മെയിൻ വലിക്കലും സ്ട്രീറ്റ് മീറ്റർ | 86417 | - | 86417 |

| | | | | |
|---|---|---|---|---|
| | സ്ഥാപിക്കലും | | | |

നീക്കിയിരിപ്പ് വിവരങ്ങൾ

| | 19-20 B-18 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 20-21 വർഷത്തെ നിക്ഷേപം | ആകെ | ചെലവ് | നീക്കിയിരിപ്പ് | 20-21 B-18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| KWA | 149800 | 572000 | 721800 | -- | 721800 | 721800 |
| KSEB | 1851956 | 86417 | 1938373 | -- | 1938373 | 1938373 |
| GWD | 623090 | -- | 623090 | -- | 623090 | 623090 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

## 4-4 വായ്പാ / വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പാ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | നൽകിയ ഏജൻസി | വർഷാരംഭത്തിൽ തിരച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം ലഭിച്ച വായ്പ തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഇ.എം.എസ് ലോൺ | | 984155 | - | 984155 | 0 |
| ലൈഫ് ഭവന പദ്ധതി | KURDFC | 64855499 | - | 4886353 | 59969146* |

*സ്ഥാപനം ഹാജരാക്കിയ ലോൺ രജിസ്റ്റർ പ്രകാരമുള്ള വിവരമാണ്.

വാർഷിക ധനകാര്യപത്രിക പ്രകാരം നീക്കിയിരിപ്പ് 5,83,97,460/-രൂപയാണ് കാണിച്ചിരിക്കുന്നത്. മുൻ വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം നീക്കിയിരിപ്പ് 6,48,55,499/-രൂപയാണ്.

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി വിവരങ്ങൾ

| ക്രമ നം | റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് | രസീത് നം/തീയതി |
|---|---|---|---|---|---|
| 1 | 2007-08 | 2.2(b) | 24597 | പ്രസന്നകുമാർ | 1200100556/ 19.11.2020 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 2016-17 | 2-6 | 2017-18 | 4 | വസ്തു നികുതി കുടിശ്ശിക |

## 4-8 ചാർജ് സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 11067110 |
| ഓഡിറ്റ് വർഷത്തെ വരവ് | 84639059 |
| ആകെ | 95706169 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 85301431 |
| നീക്കിയിരിപ്പ് | 10404738 |
| വരവിനങ്ങളുടെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളുടെ നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 688128 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.

| ഖണ്ഡിക നം | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| ഇല്ല. | | |

സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക.

| ഖണ്ഡിക നം | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-26 | 126373 | ശ്രീ. ദീപക് എസ് ആർ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-26 | 48997 | ശ്രീമതി.ബിനി ജെ.സി, അസി.എഞ്ചിനീയർ |
| 1-27 | 171072 | ശ്രീ. ദീപക് എസ് ആർ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-29 | 94426/-<br>86763/-<br>74080/-<br>86417/- | ശ്രീ. ഹരികുമാർ.ജി<br>ശ്രീ.വിജയകുമാർ.വി<br>ശ്രീ.ഹരികുമാർ.ജി<br>ശ്രീമതി.കലാറാണി |

*ഡി)* കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

ഇല്ല.

*(ഇ)* നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

*(എഫ്)*റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം.

| ക്രമ നം | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|

| | | | |
|---|---|---|---|
| 1 | ശ്രീ. ദീപക് എസ് ആർ, അസിസ്റ്റന്റ് എഞ്ചിനീയർ | | തെബ്രാക്കൽ വീട്, കൈതക്കുഴി, കളിയിക്കാവിള പി.ഒ. |
| 2 | ശ്രീമതി.ബി.സി ജെസി, അസി.എഞ്ചിനീയർ | | കൃഷ്ണകൃപ, നിയർ ചെക്ക്പോസ്റ്റ്, അമരവിള |
| 3 | ശ്രീമതി. കലാറാണി, സെക്രട്ടറി | സെക്രട്ടറി, ആര്യങ്കോട് ഗ്രാമപഞ്ചായത്ത് | RL-NA(23)(a), വാൾട്ട്സ് ലെയിൻ, നന്തൻകോട് |
| 4. | ശ്രീ.ഹരികുമാർ.ജി, സെക്രട്ടറി | | ഗുരുപൂർണിമ, ശാസ്താ നഗർ, കരമന പി.ഒ. |
| 5. | ശ്രീ.വിജയകുമാർ.വി, സെക്രട്ടറി | | തൃപ്തി, കുഴിനട |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | കെ.എസ്.എ.റ്റി.വി.എം./ജി.പി.2/948/2018, തീയതി.08.05.18 | 1 |
| 2000-01 | കെ.എസ്.എ.റ്റി.വി.എം./ജി.പി.2/948/2018, തീയതി.08.05.18 | 4 |
| 2001-02 | കെ.എസ്.എ.റ്റി.വി.എം./ജി.പി.2/948/2018, തീയതി.08.05.2018 | 1 |
| 2002-03 | കെ.എസ്.എ.റ്റി.വി.എം./ജി.പി.2/948/2018, തീയതി.08.05.2018 | 5 |
| 2004-05 | കെ.എസ്.എ.റ്റി.വി.എം./ജി.പി.2/948/2018, തീയതി.08.05.2018 | 2 |
| 2006-07 | കെ.എസ്.എ.റ്റി.വി.എം./ജി.പി.2/948/2018, തീയതി.08.05.2018 | 3 |

| | | |
|---|---|---|
| 2007-08 | കെ.എസ്.എ.റ്റി.വി.എം./ജി.പി.2/948/2018, തീയതി.08.05.2018 | 5 |
| 2008-09 | കെ.എസ്.എ.റ്റി.വി.എം./ജി.പി.2/948/2018, തീയതി.08.05.2018 | 1 |
| 2009-10 | കെ.എസ്.എ.റ്റി.വി.എം./ജി.പി.2/948/2018, തീയതി.08.05.2018 | 3 |
| 2010-11 | കെ.എസ്.എ.റ്റി.വി.എം./ജി.പി.2/948/2018, തീയതി.08.05.2018 | 5 |
| 2011-12 | കെ.എസ്.എ.റ്റി.വി.എം./ജി.പി.2/948/2018, തീയതി.08.05.2018 | 2 |
| 2012-13 | കെ.എസ്.എ.റ്റി.വി.എം./ജി.പി.2/948/2018, തീയതി.08.05.2018 | 3 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം./ജി.പി.2/948/2018, തീയതി.08.05.2018 | 4 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം./ജി.പി.2/948/2018, തീയതി.08.05.2018 | 1 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ജി.പി.2/1141/2017, തീയതി 25-11.2017 | 3 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം.ജി.പി.2/2380/2018, തീയതി 12-07.2019 | 8 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം.ജി.പി.2/1733/21, തീയതി 28-10.2020 | 26 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം.ജി.പി.2/119/22, തീയതി 04.03.2022 | 32 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ ആര്യൻകോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ ആര്യൻകോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്